CC-O. In Public Domain. Digitized by eGangotri

വാല്യം 2 · ജനുവരി 2012 · ലക്കം 1 · ₹15

ജ്ഞാനഗീത

സമഗ്രാന്വേഷണ മാസിക

യാ ദേവി സർവ്വഭൂതേഷു
മാതൃരൂപേണ സംസ്ഥിതാ

Sri Vidyabharathi Book Centre, Sringeri

CC-0. In Public Domain. Digitized by eGangotri

POWER IN TEMPLES A MODERN PERSPECTIVE

എന്ന ഏഴു പതിപ്പുകൾ പ്രസിദ്ധീകരിച്ച പുസ്തകത്തിന്റെ
മൂന്നാം മലയാളം പതിപ്പ് മാർച്ച് അവസാനവാരത്തിൽ പ്രസിദ്ധീകരിക്കുന്നു.

അദ്ധ്യാത്മശക്തി ക്ഷേത്രങ്ങളിൽ

ഒരു ശാസ്ത്രീയ പഠനം

ശ്രീകാന്ത്

ആധുനികശാസ്ത്രചിന്തയുടെയും പുരാതന അദ്ധ്യാത്മജ്ഞാനത്തിന്റെയും സമന്വയത്തിലൂടെ, പ്രസക്തമായ നിരവധിചിത്രങ്ങളോടെ, പ്രകാശിപ്പിക്കപ്പെടുന്ന ഗഹനമായ ഒരു പഠനം. ലളിതമായ പ്രതിപാദനം. ആകർഷകമായ സംവിധാനം.



240 പേജുകൾ, ഡി.മെ 8 1/8, വില: ₹175/-

ക്ഷേത്രാരാധകർക്കും, വിശ്വാസികളല്ലാത്തവർക്കും ചിന്തോദ്ദീപകം. അടിസ്ഥാനയാഥാർത്ഥ്യമായ ആത്മസത്തയുമായി ബന്ധപ്പെട്ട് ആ മാർഗ്ഗദർശനത്തിൽ വ്യക്തിയുടെ ജീവിതയാത്ര സുഗമവും പ്രകാശനിർഭരവുമാക്കുവാനായി മനുഷ്യനും പ്രപഞ്ചവുമായി പരസ്പരബന്ധമുള്ള സൂക്ഷ്മതത്ത്വങ്ങൾ കൂട്ടിയിണക്കിയിരിക്കുന്ന ഒരു ഉപാധിയാണ് ക്ഷേത്രം. ഈ സംവിധാനത്തെക്കുറിച്ച് സമഗ്രമായ ഉൾക്കാഴ്ച നൽകുന്ന പുസ്തകം.

"ക്ഷേത്രാചാരങ്ങൾ അനുഷ്ഠിക്കുന്നതിന്റെ ഫലമായി സിദ്ധിക്കുന്ന പരിവർത്തനങ്ങൾ ശാസ്ത്രീയമായി വിലയിരുത്തപ്പെട്ടിട്ടില്ല. ആ കുറവു നികത്താൻ സഹായിക്കുന്നു ഈ പുസ്തകം"

- സമകാലിക മലയാളം

"പുരാതനദർശനത്തിന്റെ കണ്ടെത്തലുകളിലേക്ക് ആധുനികമായ വീക്ഷണത്തിന്റെ സഹായത്തോടെ കടന്നുചെല്ലാനുള്ള ശ്രമത്തിന്റെ ഫലമാണ് ഈ പുസ്തകം... ഈശ്വരവിശ്വാസികളും വിശ്വാസികളല്ലാത്തവരും അറിഞ്ഞിരിക്കേണ്ട വസ്തുതകൾ. ഓരോ കേരളീയനും വായിക്കുക മാത്രമല്ല ഉൾക്കൊള്ളുകയും മനനം ചെയ്യുകയും വേണ്ട ഒരു കൃതിയാണിതെന്നു നിസ്സംശയം പറയാം"

- വാർത്തികം മാസിക

"ക്ഷേത്രസങ്കല്പത്തെക്കുറിച്ചും ക്ഷേത്രങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും ആധുനിക ശാസ്ത്രതത്ത്വങ്ങളുടെ വെളിച്ചത്തിൽ നടത്തുന്ന അന്വേഷണമാണ് ശ്രീകാന്തിന്റെ ഈ പുസ്തകം. ആത്മസാക്ഷാൽക്കാരത്തിലേക്കു മനുഷ്യനെ നയിക്കുന്ന ഋഷിമാരുടെ ചിന്തകളെ തെളിഞ്ഞഭാഷയിൽ വിശദീകരിക്കാനുള്ള ശ്രമവും ഈ കൃതിയിൽ കാണാം"

- മാതൃഭൂമി വാരാന്തപ്പതിപ്പ്

"നമ്മുടെ ക്ഷേത്രസംസ്കാരത്തെപ്പറ്റി സമഗ്രമായി നടത്തിയ ഈ ശാസ്ത്രപഠനം സ്വതന്ത്രവും മൗലികവും അന്തർദർശനോന്മുഖവുമാണ്. 'അദ്ധ്യാത്മികാവബോധം മനുഷ്യന്റെ പരിണാമവികാസത്തിനുള്ള ഊർജ്ജസ്രോതസ്സാണെന്ന്' ഈ കൃതി തെളിയിക്കുന്നു. നമ്മുടെ ക്ഷേത്രസങ്കല്പത്തെപ്പറ്റിയുള്ള അടിസ്ഥാനരഹിതമായ പല പക്ഷപാതങ്ങൾക്കും ഉചിതവും ശക്തവുമായ മറുപടി ഈ ഗ്രന്ഥത്തിലുണ്ട്"

- പ്രൊഫ. മേലത്ത് ചന്ദ്രശേഖരൻ

മാർച്ച് പതിനഞ്ചുവരെ പ്രിപബ്ലിക്കേഷൻ ഇളവിൽ 140 രൂപയ്ക്ക് (രജിസ്റ്റേഡ് തപാൽ ചിലവ് ഉൾപ്പടെ) ലഭിക്കുന്നു.

Integral Books
Anandashram P.O. Kanhangad, Kerala-671531
Phone: 0467-2208886 E-mail: sri@integralbooks.com
website: www.integralbooks.com

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

ജ്ഞാനഗീത

2012 ജനുവരി വാല്യം 2, ലക്കം 1

"അടിസ്ഥാനപരമായി നിങ്ങളും പരമസത്യവും ഒന്നുതന്നെയാണെന്നും, നിങ്ങളുടെ പ്രവൃത്തികളെല്ലാം ആ ദിവ്യശക്തിയുടെ മാർഗ്ഗദർശിത്വത്തിലും നിയന്ത്രണത്തിലുമാണ് നടക്കുന്നതെന്നും ഉള്ള ശ്രേഷ്ഠമായ അവബോധത്തിൽ ജീവിതം നയിക്കുക."

-സ്വാമി രാമദാസ്

2
വിചാരവീഥി

4
അക്ഷരധ്യാനം
എലിസബത്ത് ആനന്ദാശ്രമം

5
ശ്രീ ദുർഗ്ഗാഭഗവതി ക്ഷേത്രം

11
പ്രാർത്ഥന
കുമാരൻ പേരിയ

12
ശ്രീ മൂകാംബികാ സുപ്രഭാതം
കെ.ബി.

13
തൃപ്പാദാർച്ചന
അപർണ ദിനേശ്

14
വിശ്വമാതൃസങ്കല്പം...
സ്വാമി ദുർഗ്ഗാപ്രിയാനന്ദ സരസ്വതി

16
പതഞ്ജലിയുടെ യോഗസൂത്രങ്ങൾ -ഒരു പഠനം
ശ്രീകാന്ത്

21
ആത്മോപദേശശതകം-ഒരു പഠനം
ഷൗക്കത്ത്

24
രാമായണവും പരിസ്ഥിതിയും
ടി. പി. പത്മനാഭൻ മാസ്റ്റർ

27
അദ്വൈതം
ഡെന്നിസ് വെയ്റ്റ്

29
One Cast, One Creed...
Susheela

31
പെരുഞ്ചല്ലൂർ ഗ്രാമത്തിലെ...
കുറുമാത്തൂർ പരമേശ്വരൻ നമ്പൂതിരിപ്പാട്

32
ജീവന്റെ അമൃതസംഗീതം
ശ്രീകാന്ത്

34
സംസ്കൃത പാഠങ്ങൾ
വി. ഗോപാലകൃഷ്ണ പണിക്കർ

35
ശ്രീമദ് ഭാഗവത കഥാതത്ത്വസംഗ്രഹമാധുരി
ജിജ്ഞാസു

ലേഔട്ട്: ഉണ്ണി കാട്ടുകുളങ്ങര

എല്ലാ ഇംഗ്ലീഷ് മാസവും 15-ാം തീയ്യതി പ്രസിദ്ധീകരിക്കുന്നു.
വാർഷിക വരിസംഖ്യ: 150/-രൂപ, ഒറ്റപ്രതി: 15/-രൂപ
(വരിസംഖ്യ മണി ഓർഡർ/ ഡി.ഡി/ചെക്ക് ആയി ജ്ഞാനഗീതയുടെ പേരിൽ താഴെക്കാണുന്ന മേൽവിലാസത്തിൽ അയയ്ക്കുക. വാർഷിക വരിസംഖ്യയ്ക്ക് ഒരു ലക്കം വി.പി.പി. ആയും അയയ്ക്കാൻ ആവശ്യപ്പെടാവുന്നതാണ്.

Office Address
Jnanageetha
P.O.Anandashram, Kanhangad,
Kerala-671531 Phone: 0467-2208886
Email:sri@integralbooks.com,Website:www.integralbooks.com

A publication of Integral books

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri



വിചാരവീഥി

യാ ദേവീ സർവ്വഭൂതേഷു
മാതൃരൂപേണ സംസ്ഥിതാ.

ശുഭകരമായ പ്രതീക്ഷയോടും ആശംസകളോടെയുമാണ് പുതുവർഷ

ജഗദ്ജനനിയുടെ തൃപ്പാദങ്ങളിൽ

ത്തിലേക്ക് നാം പ്രവേശിക്കാറുള്ളത്. അന്താരാഷ്ട്രീയമായി പല മാറ്റങ്ങളും സംഭവിച്ച ഒരു വർഷമായിരുന്നു രണ്ടായിരത്തിപതിനൊന്ന്. ഇവയുടെ വിലയിരുത്തലും അനന്തരഫലങ്ങളും നടപ്പാക്കുന്ന ഒരു വർഷമായിരിക്കും പുതിയത്. കുറെക്കാലമായി ഈ വർഷത്തെക്കുറിച്ച് പ്രവചനങ്ങൾ പല രംഗങ്ങളിൽനിന്നു വരുന്നുണ്ടായിരുന്നു. അവ പലതും ഭീതിദവുമാണ്. മനുഷ്യ ചിന്തയെ കൂടുതൽ വിശാലമായ പഥത്തിലേക്കു നയിക്കുന്ന വർഷ മായിരിക്കും ഇതെന്ന ഒരു പ്രതീക്ഷയും പ്രകടമാക്കപ്പെടുന്നുണ്ട്.

എണ്ണമറ്റ സൗരയൂഥങ്ങളുള്ള അനേക കോടി ഗാലക്സികളിലൊന്നിലെ ഒരു ചെറുസൗരയൂഥത്തിലെ ഭൂമിയെന്ന ഗ്രഹത്തിൽ വസിക്കുന്ന മനുഷ്യന്റെ മനോനിലവാരവുമായി ബന്ധപ്പെട്ടിരിക്കുന്ന ഇന്ന് ഭൂമിയുടെയും അതിലുള്ള ജീവജാലങ്ങളുടെയും നിലനിൽപ്. കോടിക്കണക്കിനു സംവത്സരങ്ങൾ ഭൂമി പിന്നിട്ടുവെങ്കിലും ഇങ്ങനെ ആശങ്കയുണർത്തുന്ന ഒരു സ്ഥിതി ഉളവായത് ഇപ്പോഴാണ് - എന്ത് അപകടവും സംഭവിക്കുവാൻ ദിവസങ്ങളോ മണിക്കൂറുകളോ മതി എന്ന ഒരു സ്ഥിതി!

കഷ്ടിച്ചു നൂറു വർഷത്തോളം ജീവിച്ച് ചില കർമ്മങ്ങളിലേർപ്പെട്ടിട്ട് ക്രമേണ ശാരീരികമായും മാനസികമായും ശുഷ്കിച്ച് ദുർബ്ബലനായി വിടവാങ്ങാൻ ബാദ്ധ്യസ്ഥനാകുന്ന ഒരു ജീവി മറ്റൊരു ജീവിക്കും സാദ്ധ്യമാകാത്ത വിധം സ്വന്തം വാസസ്ഥലമായ ഭൂമിക്കുതന്നെ അപകടകാരിയായിത്തീർന്നതെങ്ങനെ? മനുഷ്യൻ എന്ന പേരിന് അർഹനാകും വിധം വിടർന്നുവന്ന മനസ്സുതന്നെ ഇതിനു കാരണം. അതിൽ ദുരയും സ്വാർത്ഥതയും നിറയുവാൻ അനുവദിക്കുന്ന സാഹചര്യങ്ങൾ മനുഷ്യൻ ഒരുക്കുമ്പോൾ മറ്റെന്താണു സംഭവിക്കുക!

ഇങ്ങനെ തനിക്കും മറ്റു ജീവജാലങ്ങൾക്കും ഭൂമിക്കുതന്നെയും അപകടകാരിയായിത്തീർന്ന് നിസ്സഹായനായി ശുഷ്കിച്ചു പോകുകയോ അല്ലെങ്കിൽ ഒരു ആണവയുദ്ധത്തിലേർപ്പെട്ട് ഭസ്മാസുരനെപ്പോലെ ഭസ്മമായിപ്പോകുകയോ ആണോ മനുഷ്യന്റെ ഭാഗധേയം? ജീവ

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

പരിണാമ സിദ്ധാന്തത്തിന്റെ പ്രണേതാവായ ചാൾസ് ഡാർവിൻ, തന്റെ മനസ്സ് യാന്ത്രികമായിത്തീർന്ന് ഉദാത്തമായ കഴിവുകൾ ശുഷ്കിച്ചു പോകാനിടയായതിനെക്കുറിച്ച് ജീവിതസായാ ഹ്നത്തിൽ സ്വന്തം ആത്മകഥയിൽ ഇപ്രകാരം വിലപിച്ചു, "എന്റെ മനസ്സ് കാര്യവിവരങ്ങളുടെ വിപുലമായ ശേഖരത്തിൽ നിന്ന് ചില പൊതുനിയമങ്ങൾ തിരുകിയെടുക്കുന്ന ഒരു യന്ത്രമായിപ്പോയതുപോലെ എനിക്കു തോന്നുന്നു. ഉദാത്തമായ വാസനകൾക്കു നിദാനമായ മസ്തിഷ്ക ഭാഗങ്ങൾ മാത്രം ഇങ്ങനെ ശുഷ്കിച്ചു പോകാൻ കാരണമായതെങ്ങനെയെന്ന് എനിക്കു വ്യക്തമാകുന്നില്ല." ഇനിയും ഒരു ജീവിതകാലം കൂടി ലഭിക്കുമെങ്കിൽ ആ ഉദാത്ത സാധ്യതകളിലേയ്ക്കായിരിക്കും താൻ തിരക്കിച്ചെല്ലുന്നതെന്നും കൂടി ആ മഹാശാസ്ത്രജ്ഞൻ പറയുന്നു.

ഡാർവിന്റെ ഈ വാക്കുകൾ വിരൽചൂണ്ടുന്നത് മനുഷ്യൻ സ്വയം കൈവരുത്തിയിരിക്കുന്ന അപകടസന്ധിയിലേക്കാണ്. അപാരവും ഉദാത്തവുമായ കഴിവുകൾ ഉൾക്കൊള്ളുന്ന ഒരു പ്രതിഭാസമാണ് മനുഷ്യമനസ്സ്. സ്വയം ശുഷ്കിപ്പിച്ച് നിരർത്ഥകമാക്കുവാനുള്ളതല്ല മനുഷ്യജീവിതം. പരിമിതമായ ശരീരത്തിനുപരി ഈ മഹാപ്രപഞ്ചത്തോളവും അതിനതീതമായും വേണമെങ്കിൽ ആന്തരികമായി വികസിക്കുവാൻ മനുഷ്യനു കഴിയും. **ഒരു ഫലം പക്വതയാർജ്ജിക്കുമ്പോൾ അതിൽ മധുരം നിറയുന്നതുപോലെ വർഷങ്ങൾ നീങ്ങുന്തോറും ശുഷ്കിച്ചു പോകാതെ ജീവിതം മധുരതരമാക്കാൻ കഴിയുന്ന സാധ്യതയുമായാണ് താൻ പിറവിയെടുത്തിരിക്കുന്നതെന്ന ശാസ്ത്രീയസത്യം മനസ്സിലാക്കാൻ കഴിയാത്തതിന്റെ പ്രതിസന്ധിയും ദുഃഖവുമാണ് മനുഷ്യന് അനുഭവിക്കേണ്ടി** വരുന്നത്. ഈ ഉദാത്ത സാധ്യതകളിലേക്കുള്ള വാതായനങ്ങൾ തുറക്കുന്ന മസ്തിഷ്കഭാഗങ്ങൾ ഡാർവ്വിന്റെ വാക്കുകൾ സൂചിപ്പിക്കുന്നതുപോലെ ശുഷ്കിപ്പിച്ചു കളയുന്ന സാഹചര്യങ്ങളും വിദ്യാഭ്യാസരീതിയുമാണ് ഇതിനു പ്രധാന കാരണം.

"ആകാശം ഒരു തോൽകഷണം പോലെ ചുരുട്ടിയെടുക്കുവാൻ കഴിയുന്ന അസാദ്ധ്യമായ സാങ്കേതികവിദ്യ മനുഷ്യൻ നേടിയെടുത്താൽപോലും തന്റെ ഉള്ളടക്കത്തിന്റെ നിതാന്തസത്യത്തോട് അടുക്കാൻ കഴിയാത്തിടത്തോളം കാലം അവന്റെ ദുഃഖത്തിനു അവസാനമുണ്ടാകുകയില്ല"- ശ്വേതാശ്വതര ഉപനിഷത്തിലെ ഈ താക്കീത് മനുഷ്യഹൃദയത്തിലേക്ക് ശക്തമായി കടന്നുചെല്ലേണ്ട ഒരു കാലഘട്ടമാണിത്.

പലരംഗങ്ങളിൽ നിന്നുമുള്ള - അവയിൽ ഭൗതിക ശാസ്ത്രരംഗവും ധനതത്ത്വശാസ്ത്രരംഗവും ഉൾപ്പെടുന്നു - പ്രവചനങ്ങളനുസരിച്ച് മനുഷ്യവർഗ്ഗത്തിനു വലിയ പ്രതിസന്ധികളെ നേരിടേണ്ടി വരുന്ന വർഷമാണ് ഇതെങ്കിൽ അതിന്റെ തീവ്രത കുറയ്ക്കുവാൻ ഏറ്റവും ശക്തമായ മാർഗ്ഗം **ഓരോവ്യക്തിയും** ഉള്ളിലെ ആത്മശക്തിയെ ഉണർത്തുക എന്നതാണ്. നിത്യസത്യത്തെ ജാതിമതഘടനകൾക്കൊന്നും വേർതിരിക്കുവാൻ സാധ്യമല്ല. 'ഏകം സത് വിപ്രാഃ ബഹുധാ വദന്തി' എന്ന് വേദങ്ങളിൽ വിശേഷിപ്പിക്കുന്ന ആ സത്യത്തെ പല മാർഗ്ഗങ്ങളിലൂടെ സമീപിക്കാവുന്നതാണ്.

പുതുവർഷാരംഭത്തിൽ ആ പരമ ചൈതന്യത്തെ ജഗജ്ജനനിയുടെ ഭാവത്തിൽ ഞങ്ങൾ സമീപിച്ച് ആ തൃപ്പാദങ്ങളിൽ ഒരു ചെറുപുഷ്പമായി അർപ്പിക്കുകയാണ് *ജ്ഞാനഗീത*യുടെ ഈ ലക്കം

ലോകാ സമസ്താ സുഖിനോ ഭവന്തു •

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

അക്ഷരധ്യാനം

എലിസബത്ത് ആനന്ദാശ്രമം

അക്ഷരാത്മികേ
നിറയുക
അറിവിന്റെ അഗ്നിയായി
നിനവിന്റെ പൂക്കളായി
കനിവിന്റെ മാധുര്യമായി

അഭയാത്മികേ പകരുക
നെഞ്ചിലെ തീയിനെ
വാക്കിന്റെ പൊരുളിനെ
കാലത്തിൻ നിറവിനെ
കണ്ണീരിൻ ലഹരിയെ.

ജീവനാത്മികേ
തെളിയുക
ധ്യാനവെളിച്ചമായി
പ്രാണന്റെ ജ്വാലയായ്
മുകശാന്തിയായ് ഉണരുക.

നദീരൂപാത്മികേ
ശുഭ്രവർണ്ണാത്മികേ
ശുദ്ധപ്രേമവിരാജിതേ
ഒഴുകുക
പ്രണയനിറവായ്ത്തീരുക.

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

ഉദയപുരം ശ്രീ ദുർഗ്ഗാഭഗവതി ക്ഷേത്രം

കെ. ബി.

യാ ദേവീ സർവ്വഭൂതേഷു
ശക്തിരൂപേണ സംസ്ഥിതാ
നമസ്തസ്യൈ നമസ്തസ്യൈ
നമസ്തസ്യൈ നമോ നമഃ

എല്ലാവരുടെയും എല്ലാത്തിന്റെയും അടിസ്ഥാന യാഥാർത്ഥ്യമായ പരമശക്തിയുടെ മാർഗ്ഗദർശനത്തിലൂടെ ജീവിതം അനുഗൃഹീതവും ശ്രേയസ്കരവുമാക്കുവാൻ സഹായിക്കുന്ന അദ്ധ്യാത്മകേന്ദ്രങ്ങളാണ് ക്ഷേത്രങ്ങൾ.

മനുഷ്യഹൃദയം ആരാധനാപൂർവ്വം ആഗ്രഹിക്കുമ്പോൾ ഈ ദിവ്യശക്തി പലപ്പോഴും സജീവമായിത്തീർന്ന് ഒരു പ്രദേശത്തെയാകെ അനുഗൃഹീതമാക്കുന്നു. അങ്ങനെയുള്ള ഒരു മഹത്തായ ആവിർഭാവമാണ് കാസർകോട് ജില്ലയിൽ കോടോം-ബേളൂർ ഗ്രാമപഞ്ചായത്തിലെ ഉദയപുരം എന്ന് ഇന്ന് അറിയപ്പെടുന്ന സ്ഥലത്ത് സംഭവിച്ചത്. ജാതിമതഭേദമെന്യേ, കക്ഷിഭേദമെന്യേ എല്ലാവരാലും ആദരിക്കപ്പെട്ട് ജനജീവിതത്തെ പുഷ്കലമാക്കി അനുഗ്രഹവർഷം ചൊരിയുന്ന അദ്ധ്യാത്മചൈതന്യധാരയുടെ ഒരു കേന്ദ്രമാണിത്.

പ്രശാന്തി നിറഞ്ഞുനിൽക്കുന്ന ഒരു താഴ്വരയിലാണ് ശ്രീ ദുർഗ്ഗാഭഗവതിയുടെ ഈ ക്ഷേത്രം. നാലുവശത്തുമുള്ള സഹ്യാദ്രിനിരകൾ അതീവ പ്രകൃതിഭംഗി സൃഷ്ടിക്കുന്ന ഒരു പ്രദേശമാണ് ഈ പുണ്യക്ഷേത്രത്തിന്റെ സ്ഥാനം. കാഞ്ഞങ്ങാട് നഗരത്തിൽനിന്നും മൂന്നു കി.മീ കിഴക്കുള്ള മാവുങ്കാൽ ജംഗ്ഷനിലെത്തി കാഞ്ഞങ്ങാട്-പാണത്തൂർ സ്റ്റേറ്റ് ഹൈവേയിലൂടെ ഓടയംചാൽ (18 കി.മീ) എന്ന സ്ഥലത്തെത്തി അവിടെ നിന്ന് 5 കി.മീ. സഞ്ചരിച്ചാൽ ഉദയപുരത്ത് എത്താം. കാഞ്ഞങ്ങാട്-പാണത്തൂർ റോഡിന്റെ തുടക്കത്തിൽ നിന്ന് ഒരു കിലോമീറ്റർ അകലെയാണ് പ്രസിദ്ധമായ ആനന്ദാശ്രമം.

പ്രകൃതിയിൽ നിന്നും സ്വന്തം ആദ്ധ്യാത്മിക ഉള്ളടക്കത്തിൽനിന്നും അകന്നുപൊയ്ക്കൊണ്ടിരിക്കുന്ന മനുഷ്യൻ ഇന്ന് തന്റെയും ഭൂതലത്തിന്റെയും നിലനിൽപിനെക്കുറിച്ച് ആശങ്കാകുലനാണ്. സ്വയം വരുത്തിവെച്ച ഈ അനിശ്ചിതത്ത്വത്തിന്റെ പാരമ്യത്തിൽ ലോകമാകമാനം ഇന്നു നടന്നുകൊണ്ടിരിക്കുന്ന കോളിളക്കങ്ങളിൽ വിഭ്രാന്തിപൂണ്ട് ഈ പിറന്നിരിക്കുന്ന വർഷത്തെക്കുറിച്ചുതന്നെ ഒരുതരം ഭീതിയിലാണല്ലൊ ഇന്നു മനുഷ്യമനസ്സ്. അദ്ധ്യാത്മോൽകർഷകമായ ഊർജ്ജത്തിന്റെ പ്രസരണത്തിലൂടെ മാത്രമേ മനുഷ്യനെ ബാധിച്ചിരിക്കുന്ന ഈ ഭയപ്പാടിൽ നിന്നു മോചനം സാധ്യമാകുകയുള്ളു. അദ്ധ്യാത്മശക്തിപ്രദായകമായ ക്ഷേത്രങ്ങൾ നിക്ഷിപ്തതാല്പര്യങ്ങൾക്ക് അധീനമാകാതെ, തത്ത്വം മനസിലാക്കിക്കൊണ്ട് പ്രയോജനപ്പെടുത്തുമ്പോൾ

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

ഈശ്വരചേതന സജീവമായി വ്യക്തി യെയും സമൂഹത്തെയും സംരക്ഷിച്ച്, മാർഗ്ഗദർശനം നൽകി ഐശ്വര്യദായ കാംവിധം അനുഗ്രഹപ്രദമായിത്തീരുന്നു.

നാമജപത്തിന്റെ പ്രസക്തി

ഈ പവിത്രമായ അദ്ധ്യാത്മശക്തിയെ ഉണർത്തി സജീവമാക്കുന്ന ഒരു മഹാ യജ്ഞമാണ് ഈ ക്ഷേത്രത്തിൽ ഫെബ്രു വരി 26 മുതൽ മാർച്ച് 5 വരെ നീണ്ടുനിൽ ക്കുന്ന സഹസ്രകലശാഭിഷേകവും അതോടൊത്ത് ശ്രീ ഗോപാലകൃഷ്ണന്റെ യും പരിവാരദേവതമാരുടെയും പ്രതിഷ്ഠ യും നടക്കുന്ന പുണ്യദിനങ്ങൾ. രണ്ടായി രം പേർ പങ്കെടുത്തുകൊണ്ട് ഒരുകോടി നാമജപം നടന്നുകൊണ്ടിരിക്കുമ്പോഴാണ് ശ്രീഗോപാലകൃഷ്ണവിഗ്രപ്രതിഷ്ഠ നടക്കുന്നതെന്നത് അത്യപൂർവ്വമായ ഒരു അദ്ധ്യാത്മ സംഭവമായിരിക്കും.

ഓരോ വ്യക്തിയുടെയും പ്രപഞ്ചത്തി ന്റെയും അടിസ്ഥാന യാഥാർത്ഥ്യമായ ദിവ്യചൈതന്യത്തിന്റെ അനുഗ്രഹത്താൽ ദുരിതങ്ങളിൽ നിന്നും വിഘ്നങ്ങളിൽ നിന്നും മോചനം നേടി ജീവിതം ശ്രേയസ് കരമാക്കുവാനുള്ള ഏറ്റവും ശക്തമായ മാർഗ്ഗമാണ് നാമജപം. ആയിരക്കണക്കിനു ജനങ്ങളിൽനിന്ന് ഒന്നിച്ച് ഒരേ സമയത്ത് ഒരേ ഈണത്തിൽ ഉയരുന്ന നാമജപം അതിശക്തമായ ഗുണഫലങ്ങൾ അതിൽ പങ്കെടുക്കുന്നവരുടെയും ആ സമയത്ത് അവിടെ സന്നിഹിതരാകുന്നവരുടെയും ജീവിതത്തിൽ ഉളവാക്കുന്നതാണ്. ഈ കോടിനാമജപയജ്ഞത്തിനു ഭാരവാഹി കൾക്ക് പ്രചോദനം ലഭിച്ചത് രണ്ടു വർഷം മുമ്പ് ക്ഷേത്രത്തിൽ നടന്ന മഹാഗണപതിഹോമയജ്ഞത്തിൽ പങ്കെടുത്ത് മന്ത്രം ജപിച്ച് ഹോമകുണ്ഡ ത്തിൽ നേരിട്ട് അഷ്ടദ്രവ്യം സമർപ്പിച്ച ഭക്തജനങ്ങൾക്കുണ്ടായ അഭിവൃദ്ധി, ഐശ്വര്യം, ആരോഗ്യലബ്ധി തുടങ്ങിയ അനുഭവസാഫല്യങ്ങളിൽ നിന്നാണ്. കൂടാതെ ക്ഷേത്രകാര്യങ്ങളിലുണ്ടായ പല വിഘ്നങ്ങളും അതോടെ ഇല്ലാതാകുക യും ചെയ്തു എന്നതും പ്രത്യേകം പ്രസ്താവ്യമാണ്.

ഒരേപോലെ പ്രാധാന്യമുള്ള ക്ഷേത്ര ങ്ങളായിരിക്കണം ശ്രീ ദുർഗ്ഗാഭഗവതിയു ടെയും ശ്രീ ഗോപാലകൃഷ്ണന്റെയും ക്ഷേത്രങ്ങൾ എന്നാണ് ദേവപ്രശ്നത്തിലെ നിർദ്ദേശം. ശ്രീ ഗണപതി, ശ്രീ ദക്ഷിണാ മൂർത്തി, ശ്രീ ധർമ്മശാസ്താവ് എന്നീ ദേവശക്തികളുടെയും നാഗങ്ങളുടെയും ബ്രഹ്മരക്ഷസ്സിന്റെയും സാന്നിധ്യം ഈ ദേവസന്നിധിയിൽ ഉണ്ടായിരിക്കും.

ബലിപാടകത്തുപാറ എന്നു മുമ്പ് അറിയപ്പെട്ടിരുന്ന ഉദയപുരത്ത് നാലോളം സഹസ്രാബ്ദങ്ങൾക്കു മുമ്പ് ഉണ്ടായിരു ന്നതായികരുതപ്പെടുന്ന പുരാതനമായ ഒരു മഹാക്ഷേത്രത്തിന്റെ അവശേഷിപ്പുകൾ കണ്ടതിനെത്തുടർന്നാണ് നാട്ടുകാരുടെ ഉത്സാഹത്തിൽ 1995-ൽ ഈ ക്ഷേത്ര ത്തിന്റെ ചൈതന്യപൂർവ്വമായ പുനരുജ്ജീ വനം ആരംഭിച്ചത്. ആയിരത്തി അഞ്ഞൂറു വർഷങ്ങൾക്കു മുമ്പാണ് ക്ഷേത്രത്തിലെ ദേവചൈതന്യം എന്തോ കാരണത്താൽ പിൻവലിഞ്ഞ് ക്ഷേത്രം നാമാവശേഷ മാകാനിടയായതെന്നു കരുതപ്പെടുന്നു. അക്കാലത്ത് പൂജ ചെയ്തുകൊണ്ടിരുന്ന ഋഷിതുല്യനായ ഒരു ബ്രാഹ്മണന്റെ അദൃശ്യസാന്നിദ്ധ്യമാണ് നാടിന്റെ ഐശ്വര്യത്തിനായി ക്ഷേത്രപുനരുദ്ധാ രണത്തിനു ഇന്നു പ്രചോദനം നൽകുന്ന തെന്ന് സ്വർണ്ണപ്രശ്നത്തിന്റെ ഒഴിപാടു സമയത്ത് വെളിപ്പെടുകയുണ്ടായി. ആ സന്ദർഭത്തിൽ അവിടെ സന്നിഹിതരായി രുന്ന സ്ഥലവാസികളും മഹത്വ്യക്തിക ളും ഭക്ഷണം കഴിച്ചുകൊണ്ടിരുന്നപ്പോൾ അവർക്ക് ഒരു വിശേഷസംഭവവും അനുഭവപ്പെട്ടു. ഏകാന്തമായ പ്രകൃതി സൗന്ദര്യത്തിൽ മുഴുകിയിരിക്കുന്ന ഈ ഉൾനാടൻ പ്രദേശത്ത് തോൾസഞ്ചിയും തൂക്കി കാവിമുണ്ടുടുത്ത ഒരു അപരി ചിതൻ വന്നെത്തി. എന്നാൽ ഭക്ഷണം കഴിക്കാനുള്ള ക്ഷണവും നൽകാനുദ്ദേശി ച്ച കുറച്ചു പണവും നിരാകരിച്ച ആ

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

അപരിചിതൻ ഒരു ഗ്ലാസ് പായസം മാത്രം ചോദിച്ചു വാങ്ങി തൃപ്തിയായി എന്നു പറഞ്ഞ് മടങ്ങിപ്പോയി. ക്ഷേത്രപുനരുദ്ധാരണത്തിനു പ്രചോദന മായിരിക്കുന്ന ആ ആത്മസാന്നിധ്യമാണ് ഈ രൂപഭാവത്തിൽ ഒരു സൂചനയായി വന്നെത്തിയതെന്നു കരുതപ്പെടുന്നു.

ശുഭസൂചകം

2002-ലാണ് ശ്രീകോവിലും തിടപ്പള്ളിയും നമസ്കാരമണ്ഡപവും പൂർത്തിയായത്. ദേവീപ്രതിഷ്ഠയ്ക്കുള്ള കൃഷ്ണശിലാവിഗ്രഹം നിർമ്മിച്ചത് ഒറ്റപ്പാലത്തിനടുത്ത് ഭാരതപ്പുഴയുടെ തീരത്തുള്ള മായന്നൂർ ഗ്രാമത്തിലെ ഒരു ശില്പിയായിരുന്നു. മായന്നൂരിൽ നിന്നും വിഗ്രഹം ക്ഷേത്രത്തിലേക്കു കൊണ്ടുവരുന്ന സമയത്തു നടന്ന ഒരു വിശേഷസംഭവം ഭക്തമനസ്സിൽ അതിശയപൂർവ്വം മായാതെ തിളങ്ങി നിൽക്കുന്നു. ശില്പിയോടൊപ്പം വെളുപ്പിന് 2.45നു വിഗ്രഹം വഹിച്ചുകൊണ്ടുള്ള വാഹനം റോഡിലേക്കു പ്രവേശിച്ചപ്പോൾ ആ വിജനസ്ഥലത്ത് ഒക്കത്തും കയ്യിലും തലയിലും ഓരോ നിറകുടവുമായി ഒരു സ്ത്രീ വാഹനത്തിനു എതിരേ വരുന്നു! സന്ധ്യകഴിഞ്ഞാൽ സഞ്ചരിക്കുവാൻ സ്ത്രീകൾ മടിക്കുന്ന ഇന്നത്തെ കേരളത്തിൽ രാത്രി മൂന്നുമണിക്ക് നിറകുടവുമായി പ്രൗഢഗാംഭീര്യത്തോടെ വരുന്ന ഒരു സ്ത്രീ! ആ നാട്ടുകാരനായ ശില്പിക്കുപോലും അതാരെന്നു അറിഞ്ഞുകൂട. ആ ശുഭശകുനം ക്ഷേത്രത്തിന്റെ ശുഭയാത്രയുടെ തുടക്കമായിരുന്നു. തുടർന്ന്, കാഞ്ഞങ്ങാട് മാവുങ്കാലിലെ ശ്രീരാമക്ഷേത്രപരിസരത്തുനിന്നും വിഗ്രഹം വഹിച്ചുകൊണ്ട് ആയിരങ്ങളുടെ അകമ്പടിയോടെയും നാമസങ്കീർത്തനങ്ങളേടെയും യാത്രാമധ്യേയുള്ള ക്ഷേത്രങ്ങളിൽ നിന്നുള്ള സ്വീകരണങ്ങൾ ഏറ്റുവാങ്ങിയും പ്രതിഷ്ഠയ്ക്കായുള്ള ആ ഘോഷയാത്ര സാക്ഷാൽ ശ്രീ രാജരാജേശ്വരിയുടെ രാജകീയമായ എഴുന്നള്ളിപ്പുതന്നെയായിരുന്നു.

ഷഡാധാരപ്രതിഷ്ഠാ ഘട്ടത്തിലുണ്ടായ ആവേശപൂർവ്വമായ ജനപങ്കാളിത്തവും ഭക്തമനസ്സിൽ നിറഞ്ഞു നിൽക്കുന്നു. അതിനു രണ്ടു ദിവസം മുൻപ് തന്ത്രികൾ നിർമ്മാണപ്രവർത്തനങ്ങൾ പരിശോധിച്ചപ്പോൾ നിധികുംഭത്തിന്റെ അസാധാരണ ആഴവും വിസ്താരവും കണ്ട് അത്ഭുതപ്പെട്ടു. ക്ഷേത്രനിർമ്മാണവുമായി മുൻപരിചയമില്ലാത്ത നാട്ടുകാർക്കും ഭരണസമിതിയ്ക്കും ഇതേക്കുറിച്ചുള്ള അറിവു കുറവായതിനാൽ ഇപ്രകാരം സംഭവിച്ചതാണ്. സ്വർണ്ണം, വെള്ളി, നവരത്നങ്ങൾ എന്നിവകൊണ്ട് നിറയ്ക്കപ്പെടേണ്ടതാണ് ആ നിധികുംഭം. അതെങ്ങനെ സാദ്ധ്യമാകും? ഉടനെ മറ്റൊരു നിധികുംഭം ശിലയിൽ നിർമ്മിക്കുക അപ്രയോഗികവും. ഒരു പോംവഴിയായി തന്ത്രികൾ നിർദ്ദേശിച്ചത് 1000 രൂപയുടെ നാണയങ്ങൾ അതിൽ ഇട്ടതിനു ശേഷം ക്ഷേത്രസമിതി സംഘടിപ്പിച്ച സ്വർണ്ണവും നവരത്നങ്ങളുംമറ്റും അതിൽ നിക്ഷേപിയ്ക്കുക എന്നതായിരുന്നു. തുടർന്ന് ക്ഷേത്രഭാരവാഹികൾ ഈ പ്രശ്നം നാട്ടുകാരെയെല്ലാം ധരിപ്പിച്ച് ദേവീകൃപയ്ക്കായുള്ള പ്രാർത്ഥനയിൽ മുഴുകി. ഷഡാധാര പ്രതിഷ്ഠനടക്കുന്ന വേളയിൽ അഭൂതപൂർവ്വമായ ഭക്തജനത്തിരക്ക് അനുഭവപ്പെടുകയും സ്വർണ്ണവും വെള്ളിയും ആഭരണങ്ങളും രത്നങ്ങളുംകൊണ്ട് ആ നിധികുംഭം നിറഞ്ഞു കവിയുകയും ചെയ്തുവെന്നത് ഇന്നും ആശ്ചര്യത്തോടെ അനുസ്മരിക്കപ്പെടുന്നു. ഒരു വെള്ളിരൂപാപോലും തന്ത്രികൾ നിർദ്ദേശിച്ചതുപോലെ അതിൽ നിക്ഷേപിക്കേണ്ടതായി വന്നില്ല - ദേവീചൈതന്യം ഉദ്ദീപിപ്പിച്ച ഈ **ത്യാഗമനസ്ഥിതി** ആ പ്രദേശത്തിന്റെ ഇന്നത്തെ ഐശ്വര്യത്തിനും ഐക്യത്തിനും നിദാനമായി.

ലക്ഷ്മീപൂജ

ക്ഷേത്രത്തിൽ നിത്യവും നടക്കുന്ന അന്നദാനമാണ് ഇപ്രകാരം മുൻകൂട്ടിയുള്ള

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

ദേവപദ്ധതിയുടെ മറ്റൊരു തെളിവ്. അന്ന പൂർണ്ണേശ്വരിയുടെ ഭാവവും കൂടിയുള്ള ഈ ദുർഗ്ഗാക്ഷേത്രത്തിൽ മുൻകാലങ്ങളി ൽ അന്നദാനം നടന്നിരുന്നതായും ഇനിയും അത് നടക്കുന്നതാണെന്നും പ്രശ്നചിന്തയിൽ പ്രതിപാദിക്കുകയുണ്ടാ യി. സാധാരണക്കാരായ നാട്ടുകാരുടെ ഉത്സാഹത്തിൽ പുനരുദ്ധരിക്കപ്പെട്ട ഈ ക്ഷേത്രത്തിൽ, പലപ്പോഴും വലിയക്ഷേത്ര ങ്ങൾ പോലും ആശങ്കയോടെ കാണുന്ന, ഇത്തരം ഒരു പദ്ധതി നടക്കുന്നതെങ്ങനെ യെന്ന് ഭാരവാഹികൾ സന്ദേഹിച്ചു വെങ്കിലും അത് നടപ്പാക്കാൻതന്നെ അവർ തീരുമാനിച്ചു. പ്രായോഗിക തയെക്കുറിച്ച് നന്നായിചിന്തിച്ചതിനുശേഷം മാത്രമേ അങ്ങനെയൊരു തീരുമാനമെടുക്കാവു എന്ന് തന്ത്രികൾ ഉപദേശിച്ചു. ആ സന്ദർഭത്തിൽ ക്ഷേത്രത്തിന്റെ വികാസ ത്തിനു നേതൃത്വം നൽകുന്ന ഭാരവാഹി യുടെ മനസ്സിൽ ദേവിയുടെ ഇച്ഛയെ ന്നോണം ഒരു ആശയം പൊടുന്നനെ ഉദിച്ചു: വർഷംതോറും ഒരു ദിവസം ലക്ഷ്മീപൂജ നടത്തുകയും ആ ദിവസം കഴിയുന്നവരെല്ലാം ദേവിയെ സ്മരിച്ചു കൊണ്ട് ലക്ഷ്മീദേവിയുടെ പ്രതീകമായ നെല്ലു സമർപ്പണം നടത്തുകയും ചെയ്യുകയാണെങ്കിൽ അത് ഇതിനൊരു പോംവഴിയാകുകയില്ലേ? ഈ പദ്ധതി നടപ്പാക്കപ്പെട്ട തോടുകൂടി അന്നദാനം വളരെ സുഗമമായ ഒരു സേവനമായി ത്തുടർന്നുകൊണ്ടിരിക്കുന്നു. ഓരോ വർഷവും ആ ദിവസം നടക്കുന്ന നെല്ലുസമർപ്പണം കൊണ്ട് ഒരു വർഷത്തേക്കുള്ള അന്ന പ്രസാദം നൽകുവാൻ സാധ്യമാകുന്നു. ഈ സേവനം ബാലാലയപ്രതിഷ്ഠയുടെ തുടക്കം മുതൽ പതിനഞ്ചു വർഷങ്ങളോളമായി സുഗമമായി നടന്നുകൊണ്ടിരിക്കുന്നു. ഇപ്രകാരം സാമൂഹിക നന്മയ്ക്കായി ഭക്തിപൂർവ്വം നെല്ലുസമർപ്പണം ചെയ്യുന്നതിന്റെ ശ്രേയസ്സ് നേരിൽ അനുഭവിച്ചറിയുന്ന നിരവധിഭക്തജനങ്ങൾ ആ ദിവസ ത്തിനായി കാത്തിരിക്കുന്ന ഒരു സ്ഥിതിയാണ് ഇന്നുള്ളത്. സ്വന്തമായി ഭൂസ്വത്തോ മറ്റ് ആസ്തികളോ ഇല്ലാത്ത ക്ഷേത്രത്തിൽ ദേവിയുടെ ഇച്ഛയാൽ എല്ലാം ഇപ്രകാരം സുഗമമായി നടന്നുകൊണ്ടിരിക്കുന്നു.

രാവിലെ ക്ഷേത്രത്തിൽ എത്തുന്ന



ശ്രേഷ്ഠമായ ജനപങ്കാളിത്തം

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

എല്ലാവർക്കും തൃമധുരവും ഗണഹോമ പ്രസാദവും ലഭിക്കുന്നു. ഉച്ചയ്ക്ക് അന്നപ്രസാദം. വിശാലമായ ഊട്ടുപുര യിൽ നൽകപ്പെടുന്നു. വൈകുന്നേരം പൂജകഴിഞ്ഞ് പായസനിവേദ്യവും പ്രസാദമായി ലഭിക്കുന്നു. ക്ഷേത്രത്തി ലെത്തിയാൽ ഏതെങ്കിലുമൊരു പ്രസാദം കഴിച്ചു കൈനനയ്ക്കാതെ ഒരാളെയും അമ്മ മടക്കിവിടാറില്ല. വിഷുവിന് കണി കാണുന്നതിനായി വരുന്ന എല്ലാവർക്കും അമ്മയിൽ നിന്നു ലഭിക്കുന്ന കൈനീട്ടം ധനസമൃദ്ധി കൈവരുത്തുന്ന ഒരു അമൂല്യ നിധിയായി അവർ സൂക്ഷിക്കുന്നു.

ശംഖ്, ചക്രം, അമ്പ്, വില്ല് എന്നിവ ധരിച്ച ചതുർബാഹുവായ ശ്രീ ദുർഗ്ഗാ ദേവി അഭീഷ്ടദായിനിയായി ഉള്ളിൽ നിന്നും ബാഹ്യലോകത്തുനിന്നും വരുന്ന ശത്രുത്വത്തിന്റെ ശക്തികളെ സംഹരിച്ച് ഐശ്വര്യവും നിർഭയത്വവും പ്രദാനം ചെയ്യുന്നു. ഉത്തമമായ അഭീഷ്ടങ്ങളെ ല്ലാം സാധിച്ചു തരാനായി സുസ്മേ രവദനയായി നിൽക്കുന്ന ഭാവത്തിലുള്ള ദേവിയെ വന്ദിച്ച് പ്രാർത്ഥിക്കുവാനായി വിദൂരസ്ഥലങ്ങളിൽ നിന്നുപോലും ജനങ്ങൾ എത്തിച്ചേരുന്നു.

വിദ്യാരംഭം നടത്തുന്ന കുട്ടികൾ അമ്മയുടെ അനുഗ്രഹത്താൽ പഠനത്തിൽ മുൻപന്തിയിൽ തന്നെ നിൽക്കുന്നു. ആബാലവൃദ്ധം ജനങ്ങൾ ദീപാവലി ആഘോഷിക്കുമ്പോൾ ദേവി അവരുടെ ഇടയിലേക്ക് ഇറങ്ങിവന്ന് അവരുടെ

ആനന്ദാശ്രമം മഠാധിപതി സ്വാമി സച്ചിദാനന്ദജി, ഗുരുവായൂർ ദേവസ്വംബോർഡ് ചെയ്മാൻ പ്രൊഫ. രാമൻ കർത്താ എന്നിവർ ബാലാലയത്തിൽ ആരാധന നടത്തുന്നു

ആഹ്ലാദത്തിൽ പങ്കുകൊണ്ട് ആ ധന്യ മുഹൂർത്തം ആസ്വദിക്കുന്നതായി തോന്നി പ്പോകാറുണ്ട്. നിറപുത്തരി പൂജയ്ക്കു ശേഷം നൽകുന്ന നെൽകതിർ വീട്ടിലെ പൂജാമുറിയിലും കവാടത്തിലും വെയ്ക്കു ന്നവരുടെ ശ്രേയസ്സ് അത് ലഭിക്കുവാനു ള്ള ആഗ്രഹം വ്യാപകമാക്കുന്നു. ക്ഷേത്രത്തിന്റെ പുനരുജ്ജീവനത്തിനു ശേഷം പൊതുവെ നാടിനുണ്ടായ അഭിവൃദ്ധി എല്ലാവർക്കും പ്രചോദനം നൽകുന്നു. യഥാകാലം വിവാഹം നടക്കാത്ത യുവതീ-യുവാക്കൾ ദേവീകൃ പയാൽ നാട്ടിൽ ഇല്ലെന്നുതന്നെ പറയണം.

കർണ്ണാടകത്തിൽ ബാഗമണ്ഡലത്തി ലെ സഹ്യാദ്രിസാനുക്കളിൽനിന്ന് ഉത്ഭവിക്കുന്ന കാവേരി നദി കർണ്ണാടക ത്തിലൂടെ ഒഴുകി തമിഴ്നാട്ടിലെ നെല്പാട ങ്ങളെ ഫലഭൂയിഷ്ടമാക്കിക്കൊണ്ട് ബംഗാൾ ഉൾക്കടലിൽ പതിക്കുമ്പോൾ അതേ മലനിരകളിൽനിന്നുത്ഭവിച്ച് പടിഞ്ഞാറേയ്ക്കൊഴുകി കേരളത്തി ലെത്തി ചന്ദ്രഗിരിപ്പുഴയുമായി സമ്മേളിച്ച് അറബിക്കടലിൽ പതിക്കുന്ന മറ്റൊരു നദിയെ പശ്ചിമകാവേരി എന്ന് പഴമക്കാർ വിളിക്കുന്നു. തീരങ്ങളിൽ പ്രകൃതി സൗന്ദര്യം തുളുമ്പി നിൽക്കുന്ന ഈ പുണ്യനദി ക്ഷേത്രത്തിന്റെ സമീപത്തു കൂടി സ്വച്ഛന്ദം ഒഴുകിക്കൊണ്ടിരിക്കുന്നു. പശ്ചിമകാവേരിയിൽ പിതൃബലിയർപ്പി ക്കുവാൻ വരുന്നവർ വർദ്ധിച്ചുവരിക യാണ്. കർക്കിടക വാവിന് ഇതിനായി പ്രത്യേക സൗകര്യങ്ങൾ ക്ഷേത്രഭാര വാഹികൾ ഏർപ്പെടുത്തുന്നു. പുരാതന മഹർഷിമാരുടെ തപസ്ഥാനങ്ങളായിരുന്ന ഈ നദീതടങ്ങളിലും താഴ്വാരങ്ങളിലും അവരുടെ അദ്ധ്യാത്മചൈതന്യത്തിന്റെ പ്രശാന്തി ഇന്നും അനുഭവവേദ്യമാണ്.

ശ്രീ ദുർഗ്ഗാഭഗവതിക്ഷേത്രം ഭാരതത്തിലെ ഒരു മഹാക്ഷേത്രമായി വികസിക്കുന്നതാണെന്നും പല ദേശങ്ങളിൽ നിന്ന് ജനങ്ങൾ ശാന്തിക്കും ഈശ്വരാനുഗ്രഹത്തിനുമായി ഇവിടെ

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

എത്തുന്നതാണെന്നും ദേവപ്രശ്നത്തിൽ കാണുന്നു. ഇതിനുള്ള സാഹചര്യങ്ങൾ ഇപ്രകാരം സ്വയമേവ ആവിർഭവിച്ചു കൊണ്ടിരിക്കുകയുമാണ്.

ഭാരതീയദർശനങ്ങളുടെ ശ്രേയസ്കരവും സ്വാതന്ത്ര്യദായകവുമായ ആന്തരികജ്ഞാനം പകർന്നുനൽകാൻ കഴിയാതിരിക്കുന്ന ഒരു വിദ്യാഭ്യാസ രീതിയാണ് ഇന്നു നിലവിലുള്ളത്. ഈ അറിവില്ലായ്മ ഉളവാക്കുന്ന യാതന ഇന്നു സമുഹത്തെ ബാധിച്ചുകൊണ്ടിരിക്കകയും ചെയ്യുന്നു. ആരാധനാലയങ്ങൾ എന്നതിനു പുറമേ, തത്ത്വജ്ഞാനം, കലകൾ, പാരമ്പര്യശാസ്ത്രങ്ങൾ ഇവയെക്കുറിച്ചുള്ള പരിജ്ഞാനം, വർദ്ധിപ്പിക്കുവാനും സർവ്വോപരി ശ്രേയസ്കരമായ ആദ്ധ്യാത്മിക ബോധം ഉണർത്താനുമുള്ള പദ്ധതികളിലൂടെ ഈ ക്ഷേത്രത്തെ ഒരു സാംസ്കാരിക കേന്ദ്രമാക്കുവാനും ക്ഷേത്രഭാരവാഹികൾ ശ്രമിക്കുകയാണ്.

2012 ഫെബ്രുവരി 6 മുതൽ മാർച്ച് 5 വരെ നീണ്ടുനിൽക്കുന്ന ഉത്സവഘട്ടത്തിൽ സഹസ്രകലശാഭിഷേകവും ശ്രീഗോപാലകൃഷ്ണ പ്രതിഷ്ഠയും മറ്റു പരിവാരദേവ പ്രതിഷ്ഠകളും സംബന്ധിച്ച പരിപാടികൾ നടക്കുന്നു. കാർക്കളയിൽനിന്നും കൊണ്ടുവരുന്ന ശ്രീ ഗോപാലകൃഷ്ണ വിഗ്രഹത്തെ നിരവധി വാഹനങ്ങളുടെ അകംമ്പടിയോടെ മാവുങ്കൽ ശ്രീരാമസ്വാമി ക്ഷേത്രത്തൽനിന്ന് മാർച്ച് 26-ാം തീയ്യതി ഞായറാഴ്ച വൈകുന്നേരം ഘോഷയാത്രയായി എഴുന്നള്ളിച്ചു കൊണ്ടുപോകുന്നതാണ്. ശ്രേയസ്കരമായ നാമജപം ഈ പരിപാടികളുടെയെല്ലാം മുഖ്യഭാഗമായിരിക്കം

കളമെഴുത്തും സർപ്പപ്പാട്ടും

ഇതോടനുബന്ധിച്ച് മാർച്ചുമാസം 1-ാം തീയ്യതി വ്യാഴാഴ്ച നടത്തുന്ന നാഗപ്രതിഷ്ഠയുമായി ബന്ധപ്പെട്ട് വൈകുന്നേരം നടക്കുന്ന കളമെഴുത്തുപാട്ടിൽ (സർപ്പപ്പാട്ടിൽ) പങ്കെടുക്കുന്നത് തൃപ്പൂണിത്തുറയിൽ അമോട എന്ന സ്ഥലത്തുള്ള കർമ്മികളാണ്. നാഗപ്രതിഷ്ഠയുടെ മുമ്പാകെ 10 മീറ്റർ നീളത്തിലും 5 മീറ്റർ വീതിയിലും നാഗക്കോലം വരച്ച് പ്രാർത്ഥിച്ചുകൊണ്ട് സമാരംഭിക്കുന്ന ഒരു അപൂർവ്വ അനുഷ്ഠാനമാണിത്. ഉറഞ്ഞുതുള്ളി ഒരു സർപ്പത്തെപ്പോലെ ഇഴഞ്ഞ് കോലം മായ്ക്കുമ്പോൾ മനസ്സിലുദിക്കുന്ന ഉദ്വേഗം അദൃശ്യ പ്രകൃതിശക്തികളെക്കുറിച്ച് നമ്മെ ഓർമ്മിപ്പിക്കുന്നു.

ജ്യോതിശ്ശാസ്ത്ര സെമിനാർ

പൗരാണിക ഭാരതത്തിലെ ജ്യോതിശ്ശാസ്ത്രത്തിനുള്ള ആധുനിക പ്രസക്തി, ജ്യോതിഷവും മനുഷ്യമനസ്സുമായുള്ള ബന്ധം എന്നിവയെക്കുറിച്ചു പ്രതിപാദിക്കുന്ന വിജ്ഞാനപ്രദമായ ഒരു സെമിനാർ ഇരുന്നൂറോളം ജ്യോതിഷികളെ പങ്കെടുപ്പിച്ചുകൊണ്ടു ഫെബ്രുവരി 26-ാം തീയ്യതി ഞായറാഴ്ച വൈകുന്നേരം 7 മണിയ്ക്ക് ആരംഭിക്കുന്നതാണ്. തിരുവനന്തപുരം ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിൽ അടുത്തകാലത്ത് സ്വർണ്ണപ്രശ്നം നടത്തിയ പ്രമുഖ ജ്യോതിഷികളായ ശ്രീ പത്മനാഭശർമ്മ, ശ്രീ മധുർ നാരായണരംഗഭട്ട് എന്നിവരും പ്രശസ്ത ജ്യോതിഷിയായ പയ്യന്നൂരിലെ സദനം ശ്രീ നാരായണപൊതുവാളും,ശ്രീ നാരായണൻ നമ്പൂതിരിയും (കോഴിക്കോട്) ഇതിനു നേതൃത്വം നൽകുന്നു.

ഈ മഹോത്സവം ആത്മശക്തിപ്രദവും ശാന്തിദായകവും വിജ്ഞാനസാന്ദ്രവുമാക്കുവാനുള്ള യത്നത്തിൽ ജാതിമതരാഷ്ട്രീയഭേദങ്ങൾ പരിഗണിക്കാതെ ഏകോപിച്ചുള്ള പ്രവർത്തനത്തിലൂടെ നാട്ടുകാർ ഏർപ്പെട്ടു കൊണ്ടിരിക്കുന്നു. പെരിയ ശ്രീ പി. ഗംഗാധരൻ നായരുടെ നേതൃത്വത്തിൽ 1500 പേരുടെ ആഘോഷക്കമ്മിറ്റി ഈ മഹോത്സവത്തിന്റെ വിജയത്തിനായി പ്രവർത്തിക്കുന്നു. •

കൂടുതൽ വിവരങ്ങൾക്കായി: 9895467128 (നിർമ്മാണ കമ്മിറ്റി പ്രസിഡണ്ട്), 9895863459 (സെക്രട്ടറി), 9633607770 (ഖജാൻജി) ഇവരുമായി ബന്ധപ്പെടാവുന്നതാണ്.

CC-O. In Public Domain. Digitized by eGangotri

പ്രാർത്ഥന

കുമാരൻ പേരിയ

അന്തിയായിരുൾ മൂടിയുറങ്ങീവെളിച്ചങ്ങൾ
കാന്താരമെങ്ങും കാറ്റും മഴയും തകർത്താടീ
പാതകൾതെറ്റിപ്പോയപഥികൻ, മരച്ചോട്ടിൽ
ഏകനായ് നനഞ്ഞൊട്ടി വിറച്ചുകൂനിക്കൂടി.

വെള്ളോട്ടുവിളക്കിന്റെ പ്രഭയിൽ, തിരുനാമ-
കീർത്തനം കർപ്പൂരത്തിൻ ഗന്ധമൊത്തുയരുമ്പോൾ
കുപ്പുകൈമൊട്ടാലെന്നുമർച്ചനചെയ്യും സന്ധ്യാ
നേരമിങ്ങെത്തീ, "യെന്തുചെയ്യുമീയിരുട്ടിൽ ഞാൻ?"



"കീർത്തനം പാടാനില്ലപാട്ടുപുസ്തകം, കാണാ-
പ്പാഠമായ്ചൊല്ലാനൊന്നുമോർമ്മയിൽവരുന്നില്ല
ദൈവമേ, ചൊല്ലാം വെറുമക്ഷരക്കൂട്ടംമാത്രം
നീയതുക്രമാൽചേർത്തുകീർത്തനമായ്കേട്ടാലും!"

പിന്നെയാപാവം പൂർണ്ണഭക്തിയോടുരുവിട്ടു
'അ' മുതൽ തുടങ്ങുന്നൊരക്ഷരമോരോന്നായി
കേട്ടുകോൾമയിർക്കൊണ്ടുമന്ത്രിച്ചുപോയീദൈവം
"കേട്ടതില്ലഞാനിത്ര മോഹനമൊരുഗാനം!"

പാതകൾ പിഴച്ചൊരു പഥികൻ പ്രാർത്ഥിച്ചപോൽ
ഞാനുമിങ്ങനെന്തോചെയ്തു ജീവിതമൊടുക്കുന്നു
വഴിപോലെല്ലാം ചേർത്തുവെക്കുവാൻ കനിഞ്ഞെന്റെ
ചെയ്തികളങ്ങേക്കുള്ളൊരർച്ചനയാക്കേണമേ!

•

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri



ശ്രീ മൂകാംബികാ സുപ്രഭാതം-2।

ജ്ഞാനരത്നാകരം സൗന്ദര്യമുദ്രാങ്കിതം
ഒരു പഠനം

കെ. ബി.

ഏകാപി സർവ്വഗതയാ ത്വമനേകരൂപാ
അന്തോ ന ലഭ്യത ഇതി ത്വമനന്തരൂപാ
സൂക്ഷ്മാതിസൂക്ഷ്മതതയാ ത്വമലക്ഷ്യരൂപാ
മൂകാംബികേ പരശിവേ തവ സുപ്രഭാതം – 44

ഏകമായ പരമയാഥാർത്ഥ്യമായി നിലനിന്നുകൊണ്ട് അനേകരൂപങ്ങളിലൂടെ എല്ലായിടത്തും വ്യാപിച്ചിരിക്കുന്ന ശക്തി സ്വരൂപിണിയെക്കുറിച്ച് ഇവിടെ പറയുന്നു. ഏകമായി, എന്നാൽ അന്തമറ്റ അനന്ത രൂപങ്ങൾക്കു നിദാനമായി അവയെ എല്ലാം തന്നിൽതന്നെ ഉൾക്കൊണ്ട് പുലർത്തുന്ന ദേവിതന്നെയാണ് ആത്യന്തി കമായി എല്ലാം. എല്ലാറ്റിന്റേയും അത്യതി സൂക്ഷ്മയാഥാർത്ഥ്യമായ ദേവി അവയു ടെ രൂപ പരിമിതികളും അസ്വതന്ത്രാ വസ്ഥകളും ഒന്നും ബാധിക്കാത്ത പരമ ശക്തിയായി വിരാജിക്കുന്നു. കാലവും ദേശവും രൂപങ്ങളും എല്ലാം ദേവിയിൽ അപ്രസക്തങ്ങളാണ്, അവയെല്ലാം ആ യാഥാർത്ഥ്യത്തിൽ നിന്നുതന്നെ ഉദിക്കുന്ന ഭാവങ്ങളാകയാൽ. അങ്ങനെയുള്ള ശ്രീ മൂകാംബികാദേവിയെ ഈ സുപ്രഭാത ത്തിൽ ഞാൻ വന്ദിക്കുന്നു.

ശാന്തം വിശിഷ്ടകമനീയ കലാവിചിത്രം
സാന്നിദ്ധ്യപൂർണ്ണമതിസുന്ദരമന്ദിരം തേ
രാരാജതേ കുടജപർവ്വതമൂലദേശേ
മൂകാംബികേ പരശിവേ തവ സുപ്രഭാതം – 45

മനോഭിരാമമായ പർവ്വതനിരകളാൽ പരിവേഷിതമായി, ഉത്തുംഗമായ കുടജാദ്രിശൃംഗത്തിന്റെ താഴ്വരയിൽ പ്രശാന്തസുന്ദരമായ ഒരു ഭൂപ്രദേശത്ത് കാനനങ്ങളുടെ മധ്യേ സ്ഥിതി ചെയ്യുന്നു ദേവീ നിന്റെ കമനീയമായ മന്ദിരം. ശ്രീ *ലളിതാസഹസ്രനാമസ്തോത്ര*ത്തിൽ വർണ്ണിക്കുന്നതു പോലെ 'കലാനിധി, കാവ്യകലാ, രസജ്ഞാ, രസശേവധി' ആയിരിക്കുന്ന ദേവിയുടെ സാന്നിദ്ധ്യ പൂർണ്ണമായ ഈ ക്ഷേത്രം വിവിധ കലകളുടെ കേദാരമാണ്. കലാകാരന്മാരും സാഹിത്യകാരന്മാരും ദേവീ സന്നിധിയി ലെത്തി അവർക്ക് ദേവിയിൽ നിന്നു ലഭിച്ച അവരുടെ വൈഭവങ്ങൾ ആ തൃപ്പാദങ്ങ ളിൽ സമർപ്പിച്ച് നിർവൃതി പുകുന്നു. ജീവിതത്തിന്റെ ആഘാതപ്രത്യാഘാത ങ്ങളിൽപ്പെട്ടു വലയുന്ന അനേകം പേർ ഈ പ്രശാന്തസുന്ദരമായ സവിധത്തിൽ പുതിയ ജീവിതപഥങ്ങൾ കണ്ടെത്തുന്നു, നികൃഷ്ടപ്രവണതകൾ നിർമ്മാർജനം ചെയ്യപ്പെട്ട് അനുഗൃഹീതമായ വാതായന ങ്ങൾ തുറക്കപ്പെടുന്നു. കലാകരാന്മാരുടെ കഴിവുകൾ ദേവീകൃപയാൽ വികാസോ ന്മുഖമാകുന്നു. ഈ കമനീയമന്ദിരത്തിൽ പൂർണ്ണസാന്നിദ്ധ്യത്തോടെ പ്രശോഭിക്കുന്ന ശ്രീ മൂകാംബികാദേവിയെ ഈ സുപ്രഭാതത്തിൽ ഞാൻ വന്ദിക്കുന്നു.

(തുടരും)

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

തൃപ്പാദാർച്ചന

അപർണ ദിനേശ്
VII-Std LFGHSS കാഞ്ഞങ്ങാട്

അറിവിൻ ധ്വനിയായ്
ആദ്യാക്ഷരങ്ങളായ് ഉലകിൽ
വാഴും അംബികേ...
അക്ഷരതേൻകനി നുകരുമെന്നകതാരിൽ
ഭക്തിഭാവമായ് നടമാടണേ

ലക്ഷ്മിയായ് കാളിയായ് സരസ്വതിയായെന്നിൽ
വിജ്ഞാനധാരയായ് നിറയേണമേ
പരിപാവനമാം കുടജാദ്രിയിൽ കൊല്ലൂരിൽ
സ്ഫുരണമായ് വിളങ്ങും മൂകാംബികേ.

കാഞ്ചനമാം നിൻ ചൈതന്യരൂപം
പരമാണുവിലും പൊൻപ്രകാശം
കൈവല്യദായിനീ അന്നപൂർണേശ്വരീ
ദേവീ നിൻമഹാത്മ്യം വാഗതീതം

ഭക്തരക്ഷകേ അമ്മേ ദുഷ്ടശിക്ഷകേ
ശക്തിസ്വരൂപിണീ ജഗദംബികേ
മോക്ഷപ്രദായിനീ മംഗളദായിനീ
സർവ്വാർത്ഥസാധികേ നമിക്കുന്നു ഞാൻ
നിൻ തൃപ്പാദത്തിൽ നമിക്കുന്നു ഞാൻ

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

വിശ്വമാതൃസങ്കല്പം
ഭാരതീയകാഴ്ചപ്പാടിൽ

സ്വാമി ദുർഗ്ഗാപ്രിയാനന്ദ സരസ്വതി

അമ്മേ...!യെന്നു വിളിക്കാത്ത ഒരാളും ഈ ഭൂമിയിൽ ഉണ്ടാവില്ല. ദേശത്തിനനുസരിച്ച് അവന്റെ ഭാഷമാറാമെന്നുമാത്രം. വേദനിക്കുന്ന മനസ്സിന് സാന്ത്വനവും, ക്ഷീണിത ദേഹത്തിന് താങ്ങുമാണമ്മ. മക്കളുടെ യഥാർത്ഥ ആശ്രയസ്ഥാനം അമ്മയല്ലാതെ മറ്റാരാണ്? സ്നേഹവും സാന്ത്വനവും, ശിക്ഷയും എല്ലാം സമ്മേളിച്ച അനിർവചനീയ ഭാവമാണ് വാത്സല്യ രൂപമാർന്ന അമ്മ.

ധർമ്മബോധം കൈമുതലായുള്ള മനുഷ്യൻ ഈശ്വരസൃഷ്ടിയിലെ മറ്റുജന്തുക്കളെപ്പോലെയല്ല അമ്മയെ കരുതുന്നത്. ഈഡിപ്പസ് കോംപ്ളെക്സ് എന്ന മാനസിക വൈകല്യമുള്ള ചുരുക്കം പേരൊഴികെ, പൊതുവെ പ്രാകൃത ജനങ്ങൾപോലും അവർക്കു ജന്മം നൽകിയ അമ്മയോട് പവിത്രമായ ആത്മബന്ധവും ആരാധനാമനോഭാവവും പുലർത്തുന്നു. ഇക്കാര്യത്തിൽ ആത്മീയദർശനാധിഷ്ഠിത ലോകത്തിന്റേയും, ഇന്ദ്രിയസുഖലാലസതയിൽ ഘനീഭവിച്ച ഭൗതികലോകത്തിന്റേയും, ചിന്തയും ഭാവവുമൊന്നുതന്നെയാണെന്നു മനസ്സിലാക്കുമ്പോഴാണ് ലോകമാനവന്റെ ഹൃദയത്തിൽ അമ്മയ്ക്കു കല്പിക്കപ്പെട്ടിട്ടുള്ള ഉത്തുംഗസ്ഥാനത്തിന്റെ പ്രാധാന്യം മനസ്സിലാക്കാനാവുന്നത്.

ലോകത്തിന്റെ മുന്നിൽ കാർക്കശ്യക്കാരിയായ ഒരു ഭരണാധികാരിയോ, ഉദ്യോഗസ്ഥയോ ആയിരിക്കാം ഒരു വനിത. എന്നാൽ താൻ പ്രസവിച്ച കുഞ്ഞിന്റെ മുന്നിൽ കർക്കശത്തിന്റെയും വിട്ടുവീഴ്ചയില്ലായ്മയുടെയും, മുഖം കൂടി അഴിഞ്ഞുപോകുന്നു. അവർ കുഞ്ഞിനെക്കാൾ കുഞ്ഞാകുന്നു. കുഞ്ഞിനൊപ്പം കൊഞ്ചുന്നു, ലാളിക്കുന്നു, വാത്സല്യത്തോടെ താരാട്ടുന്നു, നിർവൃതിയോടെ പാലൂട്ടുന്നു. കുഞ്ഞിന്റെ വൈഷമ്യത്തിൽ തപിക്കുന്ന അമ്മയായി ഓരോ സ്ത്രീയും മാറുന്നു. അവരുടെ വിശപ്പും, ദാഹവും, ഉറക്കവുമെല്ലാം കുഞ്ഞപഹരിക്കുന്നു. അവർക്കതിൽ സങ്കടമോ പരിഭവമോ ഇല്ല, മറിച്ച് അത് സുഖവും സന്തോഷവും ആനന്ദവുമാണ്.

പുരുഷനിൽ നിന്ന് ജീവബീജം സ്വീകരിച്ച് അതിനെ തന്റെ ഗർഭപാത്രത്തിൽ കരുവായിരൂപപ്പെടുത്തവേ "ജനനി" ആയിത്തീരുന്നു. ആ കരുവിനെ തന്റെ ഗർഭപാത്രത്തിൽ അടക്കിനിർത്തി തന്റെ വർഗ്ഗത്തിന്റെ രൂപം പൂർണ്ണമായ് ലഭിക്കുവാൻ വേണ്ടത്രസമയം കാത്തുസൂക്ഷിക്കുമ്പോൾ "മാതാവ്" ആകുന്നു. പൂർണ്ണ

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

രൂപം പ്രാപിച്ച ശിശുവിനെ പ്രസവിച്ച് "പ്രസവിത്രി" യാകുന്ന ആ അമ്മ ശിശുവിനെ പോഷിപ്പിച്ച് വളർത്തുന്നതി നാൽ "ധാത്രി" യാകുന്നു. ഭൂമിയിൽ ഉള്ളിടത്തോളം കാലം ആപൽഘട്ടത്തിൽ കുഞ്ഞിനെ കാത്തുരക്ഷി ക്കുന്ന അവരെ നാം "അംബ"യെന്നും വിളിക്കുന്നു. പെണ്ണ് ആയിരുന്ന അവൾ കന്യകയായി ഭാര്യയായി, ജനനിയായി, മാതാവായി, പ്രസവിത്രിയായി, ധാത്രിയായി അംബയാ യി മാറുന്ന ഉദാത്തമായ ആ കാഴ്ച എത്ര ചേതോഹരമാണ്?

ഒരു അമ്മയാകുന്നവളുടെ ലോകം തന്റെ ശിശുവിനു ചുറ്റുമായി ചുരുങ്ങുന്ന കാഴ്ചക്കൊപ്പം തന്നെ അമ്മിഞ്ഞപ്പാലി നൊപ്പം നൽകുന്ന വാത്സല്യത്താൽ കുഞ്ഞിന്റെ വിശ്വം മാതാവായി ഭവിക്കുന്ന തും കാണാൻ സാധിക്കുന്നു.

അമ്മ വിശ്വമാതാവാകുന്നു, ലോക ജനനിയുമാകുന്നു. വീക്ഷണഭേദമുണ്ടെ ങ്കിലും സ്നേഹപാശത്തിന്റെ പാരസ്പര്യ ത്താൽ മഹിമയാർന്ന സൂത്രത്തിൽ ഒരു നവപ്രപഞ്ചം അവിടെ കോർത്തിണക്ക പ്പെട്ടിരിക്കുന്നു.

ഭാരതീയ ആദ്ധ്യാത്മികലോകം സൃഷ്ടിയിലെ സ്ത്രീയും പുരുഷനുമെന്ന ദ്വൈതങ്ങളിലേക്ക് ശ്രദ്ധിച്ചു. പ്രപഞ്ചനാഥനായ ഏകബ്രഹ്മത്തിലേക്കും അതിൽനിന്നുണ്ടായി നിലനിന്നുമറയുന്ന വയിലേക്കും മാത്രം ശ്രദ്ധിച്ചിരുന്ന ഋഷിമാർ ലോകത്തിൽ ഉണ്ടാകുന്നതി നെല്ലാം ഓരോ ജനനിയുള്ളതായി കണ്ടപ്പോൾ ഈ പ്രപഞ്ചത്തിനു ജന്മം കൊടുത്ത ജനനിയെക്കുറിച്ചും ചിന്തിച്ചു. ആ ചിന്തയുടെ പര്യവസാനം വിശ്വനാഥനൊപ്പം ഒരു വിശ്വനാഥയു മുണ്ടെന്നവരറിഞ്ഞു. പരമാത്മാവിനൊപ്പം അദ്ധാംഗിനിയായി പരാശക്തിയെയും അവർ ദർശിച്ചു.

'ശിവ ശക്ത്യായുക്തോ യദി ഭവതി ശക്തഃ പ്രഭവിതും' എന്ന് ശ്രീമദ് ശങ്കരാചാര്യർ പറഞ്ഞതും മറ്റൊന്നുകൊ ണ്ടുമല്ല. ശക്തനിലെ ശക്തിയായി ദേവിയെ കാണുമ്പോൾ വാക്കും അർത്ഥവും പോലെ തന്നെ വേർപിരിക്കാനാവാത്തതാണ് ആ ജഗത് പിതാക്കന്മാരെന്ന് കാളിദാസനെ പോലു ള്ളവർ വ്യക്തമാക്കുന്നു.

ലോകസൃഷ്ടിക്കായിട്ട്, ബ്രഹ്മത്തിൽ നിന്ന് വേർപ്പെട്ട ബ്രഹ്മശക്തിയെതന്നെ ആണ് മൂലപ്രകൃതിയായി, ജഗദ്ജനനിയായി നാം വാഴ്ത്തുന്നത്. വിശ്വരുപംതന്നെയായ തന്നിൽ, തന്റെ സൃഷ്ടിജാലങ്ങളെ സ്നേഹിച്ചു സംരക്ഷിച്ചുവളർത്തിയപ്പോൾ വിശ്വജനനി 'ജഗദ്ധാത്രിയായി' ഈരേഴുപതിനാലു ലോകങ്ങൾക്കും മാതാവായി, പിണ്ഡാ ണ്ഡസമമായി, അനേകം ബ്രഹ്മാണ്ഡ ങ്ങൾക്ക് ജന്മം കൊടുത്ത ആ അവ്യക്ത രൂപിണി അനേകകോടി ബ്രഹ്മാണ്ഡ ജനനിയുമായി. ജന്മം കൊടുത്ത് തന്നിൽ തന്നെ നിലനിർത്തി സംരക്ഷിച്ച് വളർത്തുന്ന ആ ചൈതന്യ വിശേഷമാണ് ഭാരതീയ സങ്കല്പത്തിലെ വിശ്വമാതാവ്. ലയനത്തിനു ശേഷവും ആ പിണ്ഡാണ്ഡ ങ്ങളെ സൂക്ഷ്മഭാവത്തിൽ തന്നിൽതന്നെ നിലനിർത്തുന്ന അവൾ സംഹാരകർത്താ വായ ശിവന്റെ പത്നി ഉമയാകുന്നു. ഭൂർ ഭുവഃ സ്വ എന്ന മൂന്നു ലോകങ്ങളാലും വന്ദിക്കപ്പെടുന്ന ആ മാതാവിനെ ത്രിജഗദ്വന്ദ്യായെന്ന് *ലളിതാസഹസ്ര നാമം* പാടിപ്പുകഴ്ത്തുന്നു.

ഭാരതത്തിലെ ഈ വിശ്വമാതൃ സങ്കല്പം ഒരു മഹദ്ഭാവനയായോ, ഏതോ ആത്മീയവാദിയുടെ ചിന്താശകല മായിട്ടോ കണ്ടാൽപോരാ. എന്തു കൊണ്ടെന്നാൽ ഭഗവാൻ ശ്രീകൃഷ്ണൻ ഭഗവദ്ഗീതയിൽ പരമാത്മാവായ തന്റെ വാമഭാഗമായ പ്രകൃതീശ്വരിയെക്കുറിച്ച് വ്യക്തമായിപറയുന്നു. എങ്ങിനെ യെന്നാൽ, 'അല്ലയോപാർത്ഥ: നിത്യനായ

(20-ാം പേജിൽ)

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

പതഞ്ജലിയുടെ യോഗസൂത്രങ്ങൾ
ഒരു പഠനം -24

ശ്രീകാന്ത്

ശാസ്ത്രങ്ങളുടെയും ശാസ്ത്രമാണ് പതഞ്ജലി മഹർഷിയുടെ 'യോഗസൂത്രം'. ഓരോ ജീവിയിലും അതിന് ആസ്പദവും അതിനെ നിയന്ത്രിക്കുന്നതുമായ ഒരു *ജെനെറ്റിക് കോഡു*ള്ളതുപോലെ, പുതിയ സാധ്യതകളെ പുൽകാനുള്ള ഒരു ആന്തരിക പ്രചോദനവും ജീവവസ്തു ഉൾക്കൊള്ളുന്നുണ്ടായിരിക്കണം. *യോഗസൂത്ര*ത്തിലെ അഞ്ചാം അദ്ധ്യായമായ *കൈവല്യപാദ*ത്തിലെ "*ജാത്യന്തര പരിണാമഃ പ്രകൃത്യപൂരാത്*" എന്ന രണ്ടാം സൂത്രം, ഒരു വർഗ്ഗത്തിൽനിന്നും മറ്റൊരു വർഗ്ഗത്തിലേക്കുള്ള അവസ്ഥാന്തരത്തിനു നിദാനം പ്രകൃതി ഉൾക്കൊള്ളുന്ന സാധ്യതകളുടെ ആവിഷ്ക്കാരമാണ് എന്ന് സൂചിപ്പിക്കുന്നു. പ്രപഞ്ചത്തിന്റെ തുടക്കം മുതൽ മനുഷ്യന്റെ ആവിർഭാവംവരെയുള്ള പരിണാമത്തിന്റെ തത്ത്വങ്ങൾ വിശദമാക്കുന്ന 'യോഗസൂത്രം' അതിന് അപ്പുറമുള്ള മനുഷ്യപരിണാമത്തിന്റെ ശാസ്ത്രം ഉൾക്കൊള്ളുന്നു - ആധുനികശാസ്ത്രത്തിന്റെ യാന്ത്രികസിദ്ധാന്തത്തെക്കാൾ വളരെ ആഴത്തിലുള്ള ഒരു ശാസ്ത്രം. *യോഗസൂത്ര*ങ്ങളെക്കുറിച്ച് ചോദ്യോത്തര രൂപത്തിലുള്ള ഒരു പഠനമാണിത്.

വിദ്യാർത്ഥി: ശാസ്ത്രം ഉളവാക്കുന്ന ഒരു തരം ബൗദ്ധികഭ്രാന്തിൽനിന്നും മതം സൃഷ്ടിക്കുന്ന വൈകാരിക ഭ്രാന്തിൽ നിന്നും മോചനംലഭിക്കാൻ യോഗശാസ്ത്രത്തെക്കുറിച്ചുള്ള അറിവു സഹായകമാകും എന്നു അങ്ങ് പറഞ്ഞു. മനുഷ്യനു ഭ്രാന്തല്ലെന്നു എങ്ങനെ പറയാൻ കഴിയും എന്ന് പലപ്പോഴും എനിക്കു തോന്നാറുണ്ട്. അല്ലെങ്കിൽ കഷ്ടിച്ചു നൂറുകൊല്ലം ഈ ഭൂമിയിൽ കഴിയുന്നതിനു ഇത്രയേറെ മാരകായുധങ്ങളും സൈന്യസന്നാഹങ്ങളും വെട്ടിപ്പിടുത്തങ്ങളും മറ്റും ആവശ്യമുണ്ടോ? കാട്ടിൽ പോലും ജീവികൾ തമ്മിൽ ഒരു തരം രമ്യത നിലനിൽക്കുന്നുണ്ടല്ലോ.

ജിജ്ഞാസു: ഒരു സ്വയം തുലനനിയമാവലി മറ്റു ജന്തുക്കളിൽ പ്രകൃതി ഏർപ്പെടുത്തിയിരിക്കുന്നതാണ് ഇതിനു കാരണം. അത് പാലിയ്ക്കതിരിക്കുവാൻ അവയ്ക്കു സാധ്യമല്ല. എന്നാൽ മനുഷ്യപരിണാമഘട്ടത്തിൽ എത്തിയതോടെ സ്വതന്ത്രേച്ഛയെന്ന ഘടകം വികസിച്ചു തുടങ്ങി. അതോടെ പ്രകൃതിയുടെ നിയമങ്ങളെ മനുഷ്യന് അവഗണിക്കുവാൻ കഴിയുമെന്ന ഒരു നിലവന്നു. ഇനിയുള്ള പരിണാമ പുരോഗതിക്ക് ആവശ്യമായ നിയമങ്ങളെക്കുറിച്ച് അവബോധം ആർജിക്കുന്നില്ലെങ്കിൽ, നിങ്ങൾ സൂചിപ്പിച്ചതുപോലെ മനുഷ്യൻ വികലമായി പ്രവർത്തിച്ചു പോകും. സ്വന്തം ഉള്ളടക്കത്തെയും മനുഷ്യനും പ്രകൃതിയുമായുള്ള ബന്ധത്തെക്കുറിച്ചും സ്വാതന്ത്ര്യദായകമായ ശാസ്ത്രീയജ്ഞാനമാണ് യോഗശാസ്ത്രം നൽകുന്നത്. അത് വ്യക്തിയെയും സമൂഹത്തെയും ഭ്രാന്തപ്രവണതകളിൽ നിന്നു മോചിപ്പിച്ച് വികാസം നേടാൻ സഹായിക്കും.

വിദ്യാർത്ഥി: മറ്റു ജന്തുക്കൾ പ്രകൃതി നിയമങ്ങളെ സ്വമേധയാ പാലിച്ചു പ്രവർത്തിക്കുന്നു എന്ന വസ്തുത പ്രകൃതിയെ നിരീക്ഷിക്കുമ്പോൾ എനിക്കു മനസ്സിലാക്കാൻ കഴിയുന്നു. കുട്ടികൾ സ്വന്തം കാലിൽ നിൽക്കുന്നതുവരെ മിക്കവാറും ജന്തുക്കളെല്ലാം അവയ്ക്ക് തികച്ചും നിഷ്കാമപരമായ സേവനം നൽകുന്നു. ഇങ്ങനെ മൂല്യാത്മകമായ പല പ്രവണതകളും പ്രകൃതിയിൽ കാണാം. പരിണാമപരമായി ലഭിച്ചിരിക്കുന്ന തിരഞ്ഞെടുക്കലിനുള്ള സ്വാതന്ത്ര്യമാണ്

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

മനുഷ്യനെ വികലമായി ചിന്തിക്കുവാനും പ്രവർത്തിപ്പിക്കുവാനും ഇടയാക്കുന്നതെന്ന് അങ്ങു സൂചിപ്പിക്കുന്നു. അപ്പോൾ മനുഷ്യനു കൈവന്നിരിക്കുന്ന ഒരു നിർഭാഗ്യാവസ്ഥയാണോ ചിന്തയ്ക്കും തിരഞ്ഞെടുക്കലിനും ഉള്ള കഴിവ്?

ജിജ്ഞാസു: പ്രതിലോമപരമായി ചിന്തിച്ചാൽ അതൊരു നിർഭാഗ്യാവസ്ഥയാണെന്നു പറയാം. എന്നാൽ യഥാർത്ഥത്തിൽ മനുഷ്യസ്ഥിതിയിൽ നിന്നുള്ള പരിണാമപരമായ വികാസത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും വാക്ദാനമാണത്. ഇതെക്കുറിച്ചുള്ള ഒരു ശാസ്ത്രീയ സൂചനയാണ് ഡാർവ്വിന്റെ പരിണാമ സിദ്ധാന്തം. അദ്ദേഹം ആത്മീയതയെക്കുറിച്ച് ഒന്നും പറയുന്നില്ലെങ്കിലും മൂല്യാത്മകമായ ഈ പരിണാമപുരോഗതിയ്ക്കു വിഘാതമായി സ്വാർത്ഥതയിൽ മനുഷ്യമനസ്സ് അള്ളിപ്പിടിച്ചുകൊണ്ടുനിൽക്കാൻ മതത്തിന്റെയും ശാസ്ത്രത്തിന്റെയും അപക്വസമീപനങ്ങൾ പലപ്പോഴും കാരണമായിത്തീരുന്നു.

വിദ്യാർത്ഥി: ഇതിനുള്ള ഒരു പോംവഴിയെന്താണ്, സർ? സ്വാതന്ത്ര്യദായകമായ പരിണാമപ്രവണതകളെ ജീവിതത്തിൽ പ്രായോഗികമാക്കാൻ എങ്ങനെ കഴിയും? ഇങ്ങനെ സ്വാർത്ഥതയ്ക്ക് അടിമപ്പെട്ട് യുദ്ധത്തിലും കലാപങ്ങളിലും മുഴുകി സ്വന്തം മനസ്സിന്റെ വികലതകളാൽ പിടഞ്ഞുവീണ് ജീവിതം അവസാനിപ്പിക്കുക എന്ന നിരർത്ഥകമായ ഒരു ദുർവിധിയെയാണോ മനുഷ്യജീവിതത്തിന് എപ്പോഴും അഭിമുഖീകരിക്കേണ്ടി വരുന്നത്? മനുഷ്യന്റെ കൂടെപ്പിറപ്പാണോ ഈ ക്ലേശകരമായ ഭയം? ചിലർ പറയുന്നതു പോലെ തോന്നിയ വിധം ഒരു ഉത്തരവാദിത്വവുമില്ലാതെ ജീവിക്കുകയല്ലേ ഇത്തരം ഒരു ഭയപ്പാടിൽ നിന്നുള്ള മോചന മാർഗ്ഗം?

ജിജ്ഞാസു: ഉദാത്തമായ പ്രകൃതി നിയമങ്ങൾ കണ്ടെത്തി അവ വിദ്യാഭ്യാസത്തിലൂടെ ജീവിതത്തിൽ പ്രായോഗികമാക്കാതെ തോന്നിയതുപോലെ മനുഷ്യൻ ജീവിക്കാനൊരുമ്പെടുന്നതുകൊണ്ടു തന്നെയാണ് 'ചിന്താശക്തി'യുള്ള മനുഷ്യൻ മഹായുദ്ധങ്ങളിലും കലാപങ്ങളിലും മറ്റും ഏർപ്പെട്ടു ദുരന്തം വിതയ്ക്കുന്നത്. **തോന്നിയപോലെ ജീവിക്കുവാൻ നിങ്ങൾ കരുതുന്നതുപോലെ പ്രത്യേക ശ്രമമൊന്നും നടത്തേണ്ടതില്ല. ഇന്നത്തെ സ്ഥിതിയിൽ നല്ലൊരു വിഭാഗം ജനങ്ങൾ അങ്ങനെതന്നെയാണ് ജീവിക്കുന്നത്.** അതാണു മനുഷ്യൻ അഭിമുഖീകരിക്കുന്ന ഭയത്തിനും ദുരന്തത്തിനും കാരണവും. അല്പമെങ്കിലും ആത്മബോധത്തിലേക്കു നീങ്ങാൻ കഴിയുന്നവർക്ക് മഹാഭയത്തിൽ നിന്നു കുറെയൊക്കെ മോചനം നേടാൻ കഴിയുമെന്ന സത്യം ഭഗവദ്ഗീത വ്യക്തമാക്കുന്നു. ഒരു കാര്യം മനസ്സിലാക്കണം. പ്രകൃതിയിലെ പ്രതിഭാസങ്ങളെല്ലാം സ്ഥൂലമോ സൂക്ഷ്മമോ ആയ നിയമങ്ങൾക്കു വിധേയമായാണു പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. ഗാലക്സികളും സൗരയൂഥങ്ങളും മുതൽ ഒരു ഉറുമ്പിന്റെ ജീവിതംവരെ നിയമങ്ങൾക്കനുസൃതമായാണ് പ്രവർത്തിക്കുന്നത്. അതിനാൽ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ഉപയോഗിച്ച് തോന്നിയപോലെയുള്ള ജീവിതരീതിയാണ് സ്വീകരിക്കുന്നതെങ്കിൽ അതിനു അനുസൃതമായി വ്യക്തിയുടെയും സമൂഹത്തിന്റെയും ജീവിതം ക്ലേശകരമായിത്തീരും. മറിച്ച് പ്രകൃതിയുടെ ഉദാത്തനിയമങ്ങൾ കണ്ടെത്തി അവ ഉൾക്കൊണ്ട് ജീവിക്കുന്നുവെങ്കിൽ പരിണാമപരമായ സ്വാതന്ത്ര്യമേഖലകളിലേക്കു പുരോഗമിക്കുകയും ചെയ്യാം.

വിദ്യാർത്ഥി: ഈ ഉദാത്ത നിയമങ്ങൾ മനസ്സിലാക്കാൻ എന്താണു വേണ്ടത്?

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

ജിജ്ഞാസു: മനുഷ്യന്റെ ഉള്ളടക്കത്തെയും പ്രപഞ്ചത്തിന്റെ ഉള്ളടക്കത്തെയും അവ തമ്മിലുള്ള ബന്ധത്തെയുംപറ്റി ആഴത്തിൽ മനസ്സിലാക്കാനുള്ള പ്രചോദനം വിദ്യാഭ്യാസത്തിലൂടെ ലഭിക്കണം.

വിദ്യാർത്ഥി: ഇതു മനസ്സിലാക്കാനുള്ള ശ്രമമല്ലേ ആധുനിക ശാസ്ത്രാന്വേഷണങ്ങളിലൂടെ നടക്കുന്നത്?

ജിജ്ഞാസു: അതിന്റെ ഒരു ഭാഗം തന്നെ ശാസ്ത്രാന്വേഷണവും. മനുഷ്യൻ വാസ്തവത്തിൽ എന്താണെന്നറിയുവാൻ കുട്ടിക്കാലത്ത് എനിക്ക് വളരെ ആകാംക്ഷയായിരുന്നു. മൃതശരീരം കീറി മുറിച്ചു പരിശോധിച്ച് ആന്തരാവയവങ്ങളെക്കുറിച്ച് സൂക്ഷ്മമായി പഠിപ്പിക്കുന്ന അനാട്ടമി എന്ന പഠന വിഭാഗത്തോട് ആഭിമുഖ്യം തോന്നിയിരുന്നു. എങ്കിലും ആ പ്രത്യേക കോഴ്സിൽ ചേരാനിടവരാതെ ജീവശാസ്ത്രപഠനമാണ് തുടങ്ങിയത്. അതിലൂടെയൊക്കെ ശരീരമെന്ന യന്ത്രത്തെപ്പറ്റി കുറേയൊക്കെ മനസ്സിലാക്കാൻ സാധിക്കും എന്നല്ലാതെ ഉള്ളടക്കത്തെപ്പറ്റി വലിയ പിടിയൊന്നും കിട്ടുകയില്ല എന്നു പിന്നീട് മനസ്സിലായി.

വിദ്യാർത്ഥി: അപ്പോൾ മനസ്സിനെയായിരിക്കണമല്ലോ അങ്ങ് ആ ഉള്ളടക്കമായി കരുതുന്നത്. എന്നാൽ ശരീരത്തിന്റെ ഒരു ഉല്പന്നമായിട്ടാണ് മനസ്സിനെ പല ശാസ്ത്രജ്ഞന്മാരും കരുതുന്നത്. അങ്ങനെയാണെങ്കിൽ, ശരീരത്തിന്റെ അതിസൂക്ഷ്മ സ്ഥിതികളെക്കുറിച്ച് മനസ്സിലാക്കാൻ സാധിച്ചാൽ മനസ്സെന്ന ഈ ഉള്ളടക്കം ആവിർഭവിക്കുന്നതെങ്ങനെയാണെന്ന രഹസ്യവും പിടികിട്ടുകയില്ലേ?

ജിജ്ഞാസു: അങ്ങനെ ശരീരത്തിന്റെ പഠനത്തിലൂടെ അതിന്റെ അതിസൂക്ഷ്മ സ്ഥിതികളിലേക്കു കടന്നെത്തുമ്പോൾ, ഇന്നത്തെ ഫിസിക്സിൽ സംഭവിച്ചിരിക്കുന്നതുപോലെ ഊർജ്ജത്തിലേക്കും മനസ്സിലേക്കും തന്നെയായിരിക്കും വീണ്ടും ചെന്നെത്തേണ്ടി വരിക.

ശരീരം ഒരു യന്ത്രസംവിധാനമാണ്. പഞ്ചസാര ഉല്പാദിപ്പിക്കുന്ന യന്ത്രവും ഒരു യന്ത്രസംവിധാനംതന്നെ. ആ യന്ത്രത്തിനു പഞ്ചസാര വെറുതെയങ്ങ് ഉല്പാദിപ്പിക്കുവാൻ കഴിയുകയില്ല. കരിമ്പിൽനീര് ആണ് പ്രധാനം. അത് അതിലേയ്ക്ക് ഒഴിച്ചുകൊടുക്കണം. ആ കരിമ്പിൻ നീര് അങ്ങനെയുള്ള യന്ത്രത്തിലൂടെ ആ യന്ത്രത്തിന്റെ ഘടനാവിശേഷവും പ്രവർത്തന സവിശേഷതയും അനുസരിച്ച് പഞ്ചസാരയോ, കൽക്കണ്ടമോ, ശർക്കരയോ ഒക്കെയായി രൂപാന്തരം പ്രാപിച്ച് വരുന്നെന്നേയുള്ളു. വാസ്തവത്തിൽ അവയൊന്നും യന്ത്രത്തിന്റെ ഉല്പന്നങ്ങളല്ല, യന്ത്രത്തിലൂടെ പരിവർത്തനം ചെയ്ത് കരിമ്പിൻ നീര് അങ്ങനെയൊക്കെ ആവിഷ്കൃതമാകുന്നുവെന്നേയുള്ളു. യന്ത്രഘടനയെപ്പറ്റി മനസ്സിലാക്കുന്നതുകൊണ്ട് പഞ്ചസാരയെപ്പറ്റി കാര്യമായൊന്നും മനസ്സിലാക്കാൻ സാധിക്കുകയില്ല. നല്ല പഞ്ചസാര ഉണ്ടാക്കാൻ അതിനെ എങ്ങനെ കാര്യക്ഷമമാക്കി പ്രവർത്തിക്കുവാൻ സാധിക്കും എന്നു മനസ്സിലാക്കാൻ കഴിഞ്ഞേക്കും. അതിനാൽ ആ യന്ത്രത്തിന്റെ ഘടനയെപ്പറ്റി പഠിച്ചാൽ മാത്രം പഞ്ചസാര എന്താണെന്നും അത് എവിടെ നിന്ന് ഉത്ഭവിക്കുന്നുവെന്നും മറ്റും മനസ്സിലാക്കാൻ സാധിക്കുമോ?

വിദ്യാർത്ഥി: സാധ്യമല്ല. അതിനായി പഞ്ചസാരയിലേക്കു കടന്നു ചെന്ന് അന്വേഷിക്കുക തന്നെവേണം.

ജിജ്ഞാസു: ഇതു തന്നെയാണ് മനസ്സിന്റെയും കാര്യം. ശരീരം അഥവാ മസ്തി

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

ഷ്കം എന്ന യന്ത്രത്തിന്റെ ഉല്പന്നമാണ് മനസ്സ് എന്നൊക്കെ ഒഴുക്കൻ മട്ടിൽ പറയുന്നതിൽ കഴമ്പൊന്നുമില്ല. അതൊരു 'ശാസ്ത്രീയ' അന്ധവിശ്വാസമാണ്. ശരിയ്ക്ക് അറിയണമെങ്കിൽ മനസ്സിന്റെ ആഴങ്ങളിലേയ്ക്കു തന്നെ കടന്നെത്തണം. മനസ്സിനെയും ശരീരമെന്ന യന്ത്രസംവിധാനത്തെയും കുറിച്ച് സമഗ്രമായി അറിയുവാൻ ശ്രമിക്കുമ്പോൾ ശരീരവും മനസ്സും വളരെ വിഭിന്നമായ സംഗതികളല്ല എന്ന സത്യവും വെളിവാക്കപ്പെടും. **ഒരു മനുഷ്യനിർമ്മിത യന്ത്രത്തെ അതിന്റെ ഉൽപന്നത്തിന് മേന്മ ഉളവാക്കാനായി പരിഷ്കരിക്കാമെന്നതുപോലെ മനുഷ്യ ശരീരം എന്ന യന്ത്രം പ്രകൃതി സംവിധാനം ചെയ്തിരിക്കുന്നത് അതിന്റെ മഹാസാധ്യതകൾ ആവിഷ്കരിക്കുവാൻ കഴിയുമാറ് പരിഷ്കരിക്കുവാൻ സാധ്യമാകുംവിധമാണ്.** മനസ്സ് ശരീരമെന്ന ഒരു യാദൃച്ഛികഭൗതികസംവിധാനത്തിന്റെ ഒരു അയഥാർത്ഥ ഉല്പന്നം മാത്രമാണെന്ന ഉപരിപ്ലവ കാഴ്ചപ്പാടിനു വിധേയരായി പല ശാസ്ത്രജ്ഞന്മാരും ബുദ്ധിജീവികളും അതെക്കുറിച്ചുള്ള പഠനം വിഗണിക്കുകയുണ്ടായി. ഇന്നത്തെ വിദ്യാഭ്യാസരംഗവും ഈ സമീപനം തന്നെ തുടരുന്നു. സ്വയം ആഴത്തിൽ അറിയാൻ മടിക്കുന്നതിന്റെ ഫലമാണ് മഹായുദ്ധങ്ങളിലും കാട്ടിലെ 'ദുഷ്ട'മൃഗങ്ങളെയും നാണിപ്പിക്കുന്ന ക്രൂരകൃത്യങ്ങളിലും ഏർപ്പെട്ട് അനിശ്ചിതത്വത്തിലും അസ്വസ്ഥതയിലും 'ബുദ്ധി'മാനായ മനുഷ്യനു കഴിയേണ്ടി വരുന്നത്. ഇപ്പോഴാണ് മനസ്സിനെപ്പറ്റിയും കൂടി പഠിയ്ക്കേണ്ടതുണ്ടെന്ന് ശാസ്ത്രം അല്പമെങ്കിലും ബോധവത്തായി വരുന്നത്. മനുഷ്യന്റെ മഹത്തായ സാധ്യതകളെക്കുറിച്ചുള്ള അറിവിൽ ആധുനികശാസ്ത്രജ്ഞാനത്തിന്റെ എത്രയോ മുമ്പിൽ എത്തിനിൽക്കുന്ന മഹാശാസ്ത്രമാണ് പതഞ്ജലിയുടെ യോഗസൂത്രങ്ങൾ. ഇത്തരം ജ്ഞാനനിധികൾ വിദ്യാഭ്യാസരംഗം വിഗണിക്കുന്നത് മനുഷ്യവർഗ്ഗത്തിന്റെ നിർഭാഗ്യമാണ്. **ജസ്റ്റിസ് വി.ആർ കൃഷ്ണയ്യർ പറയുന്നതുപോലെ 'അദ്ധ്യാത്മ ശാസ്ത്രജ്ഞർ' (spiritual scientists) മുന്നോട്ടു വരേണ്ട കാലമാണിത്. ആദ്ധ്യാത്മികതയുടെയും സംസ്കാരത്തിന്റെയും പേരിൽ വലിയ സൗധങ്ങൾ കെട്ടി ഉയർത്തുന്നതിനെ സഹായിക്കുന്ന പ്രവണതയാണിന്നുള്ളത്. എന്നാൽ, മനുഷ്യന്റെ ആന്തരിക സാധ്യതകളെക്കുറിച്ചുള്ള ഗവേഷണങ്ങളെ പ്രോത്സാഹിപ്പിക്കേണ്ട ഉത്തരവാദിത്വം സമൂഹം വിഗണിക്കുവാൻ പാടില്ല.** തന്നിൽ ലീനമായിരിക്കുന്ന വൈഭവങ്ങളെക്കുറിച്ച് അല്പമെങ്കിലും അറിയാൻ സാധിക്കുന്ന മനുഷ്യനു ജീവിതം കൂടുതൽ അർത്ഥവത്താക്കാൻ കഴിയുന്നു.

വിദ്യാർത്ഥി: പതിനാറാം സൂത്രം മനുഷ്യന്റെ പരമോന്നതമായ കാല-ദേശാതീതമായ സ്വാതന്ത്ര്യസാധ്യതയെ സൂചിപ്പിക്കുന്ന ഒന്നായിരുന്നു. 17-ാം സൂത്രത്തെപ്പറ്റി അറിഞ്ഞാൽ കൊള്ളാം. സ്വന്തം ഉള്ളടക്കത്തെപ്പറ്റി ആഴത്തിൽ അറിയാനുള്ള മാർഗ്ഗമാണോ അത് സൂചിപ്പിക്കുന്നത്?

ജിജ്ഞാസു: ആ സൂത്രം ഇതാണ്, ***വിതർക്കവിചാരാനന്ദാസ്മിതാനുഭവാത് സംപ്രജ്ഞാതഃ.*** സംപ്രജ്ഞാത സമാധിയെക്കുറിച്ചാണ് ഇവിടെ പറയുന്നത്. യുക്തിപൂർവ്വമുള്ള അന്വേഷണം, മനനം, ആനന്ദാനുഭവം, ഉദാത്തമായ അഹം ബോധത്തിലേക്കുള്ള എത്തിച്ചേരൽ ഈ വിധമുള്ള മാനസിക ഘട്ടങ്ങൾ സംപ്രജ്ഞാത സമാധി ഉൾക്കൊള്ളുന്നു എന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നത്.

വിദ്യാർത്ഥി: സർ, സമാധി എന്നൊക്കെയുള്ള കാര്യങ്ങളെപ്പറ്റി കേൾക്കുമ്പോൾ ഒരുതരം ഭയം തോന്നിയിരുന്നു. ഒന്നും അറിയാൻ കഴിയാത്ത ഒരു

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

മാനസിക വിഭ്രമാവസ്ഥയോ ഒരു കൃത്രിമ അനുഭൂതിയോ ആയിരിക്കണം അത് എന്നൊക്കെയുള്ള ആശയങ്ങളാണ് മനസ്സിൽ ഇപ്പോഴും തങ്ങി നിൽക്കുന്നത്. ചില മസ്തിഷ്ക പരീക്ഷണങ്ങൾ എലികളിൽ ഉണ്ടാക്കുന്ന ഇത്തരം അനുഭൂതിയെ പ്പറ്റിയും മറ്റും വായിച്ചിട്ടുണ്ട്. വാസ്തവത്തിൽ സമാധിയെന്നാൽ എന്താണ്?

ജിജ്ഞാസു: മുൻപു പറഞ്ഞതുപോലെ യന്ത്രത്തെപ്പറ്റിയും അതിലെ യാന്ത്രിക -രാസ സംവിധാനങ്ങളെപ്പറ്റിയും പഠിച്ചതുകൊണ്ടുമാത്രം 'ഉൽപന്ന'ത്തെക്കുറിച്ച് വ്യക്തമായി മനസ്സിലാക്കാൻ സാധ്യമല്ല. അതിൽ മറ്റു സുപ്രധാന ഘടകങ്ങൾ ഉണ്ട്. സമാധിയെപ്പറ്റി ഒരു ഏകദേശ ജ്ഞാനമെങ്കിലും ഉണ്ടാകണമെങ്കിൽ മനസ്സിനെയും മനസ്സിന്റെ വിവിധ തലങ്ങളെയും ആ തലങ്ങൾക്കു ഗ്രഹിക്കുവാൻ കഴിയുന്ന സ്ഥൂലവും സൂക്ഷ്മവുമായ രംഗങ്ങളെയുംക്കുറിച്ചും ആ മാനസികതലങ്ങളുടെ സാധ്യതകളെക്കുറിച്ചും അവയ്ക്കെല്ലാം അതീതമായ പരമയാഥാർത്ഥ്യത്തെക്കുറിച്ചും വളരെ പരിമിതമായ അറിവെങ്കിലും സമ്പാദിക്കുവാൻ നമുക്കു കഴിയണം. ആ അറിവു പകർന്നു നൽകാനുള്ള തത്ത്വങ്ങളാണ് ഇനിയുള്ള സൂത്രങ്ങൾ ഉൾക്കൊള്ളുന്നത്. ഇതെപ്പറ്റിയൊന്നും പരിഭ്രമിക്കേണ്ട ഒരു ആവശ്യവുമില്ല. കാരണം അവ മനുഷ്യസ്വാതന്ത്ര്യത്തെക്കുറിച്ചുള്ള അറിവാണ് ഉൾക്കൊള്ളുന്നത്. ക്രമേണ അന്വേഷണം തുടരുമ്പോൾ നമുക്ക് കാര്യങ്ങൾ കൂടുതൽ വ്യക്തമായി വരും.

ഇവിടെ 'മനസ്സ്' എന്നു പറയുമ്പോൾ ആ പദം വിവക്ഷിക്കുന്നത് ആധുനിക മനഃശാസ്ത്രത്തിനറിയാവുന്ന മനോതലത്തെ, അതായത് mind-നെ മാത്രമല്ല, 'ചിത്തം' എന്ന സംസ്കൃതപദം ഉൾക്കൊള്ളുന്ന വിശാലമായ മാനങ്ങളെയും അതിന്റെ സാധ്യതകളേയും കൂടി ദ്യോതിപ്പിക്കുന്നു. ആധുനിക മനഃശാസ്ത്രത്തിനു ഗ്രാഹ്യമായിരിക്കുന്നത് മനസ്സിന്റെ താഴ്ന്നതലത്തിലെ സാധ്യതകളെയും പഞ്ചേന്ദ്രിയങ്ങളുടെ സ്ഥൂലസാധ്യതകളാൽ പരിമിതമാക്കപ്പെട്ടിരിക്കുന്നതുമായ ബോധതലത്തെയും ഉപബോധതലത്തെയുമാണ്. എന്നാൽ, മനസ്സിന്റെ അതിസൂക്ഷ്മമായ മാനങ്ങളിലേയ്ക്കും സാധ്യതകളിലേക്കും കൂടി വ്യാപിക്കുന്ന ഒന്നാണ് 'ചിത്തം' എന്ന വാക്ക്. പഠനം തുടരുമ്പോൾ ക്രമേണ ഈ സൂത്രത്തിൽ പറയുന്ന ചിത്തത്തിന്റെ സ്വാതന്ത്ര്യദായകമായ മാനങ്ങളെക്കുറിച്ചും സമാധിയെന്നാൽ എന്താണെന്നും മനസ്സിലാക്കാൻ കഴിയും.

(തുടരും)

(15-ാം പേജിൽ നിന്ന്)

ഞാൻ തന്നെ ആണ് എല്ലാ ജീവജാലങ്ങൾക്കും ബീജമായിട്ടുള്ളത്, (ഭ.ഗീ. 10-7) എന്നും താൻ ഈ ബീജത്തെ നിക്ഷേപിക്കുന്നത് തന്റെ മൂലപ്രകൃതിതന്നെ ആയ മഹത്തായ ഈ ബ്രഹ്മാണ്ഡത്തിലാണെന്നും (ഭ.ഗീ. 3-14) വ്യക്തമാക്കപ്പെട്ടിരിക്കുന്നു. അങ്ങനെ സൃഷ്ടികർമ്മത്തിലെ ഇച്ഛാ, ജ്ഞാന, ക്രിയാ ശക്തികളായ ബ്രഹ്മശക്തിയായി ശ്രീപാർവ്വതിയും, പ്രസ്തുത ബ്രഹ്മശക്തിയെക്കൂടി ഉൾക്കൊള്ളുന്ന മഹാശക്തിയായി ശ്രീ ശിവനും ഭാരതീയ സങ്കല്പത്തിലെ വിശ്വമാതാപിതാക്കന്മാരാകുന്നു.

അറിവില്ലാപൈതങ്ങളായ നമ്മുടെ പാപഭയം നീക്കുവാൻ, ധർമ്മച്യുതി ഇല്ലാതാക്കുവാൻ, മരണഭയമകറ്റുവാൻ, വാത്സല്യനിധിയായ, അനുകമ്പാമൂർത്തി യായ, വിശ്വമാതാവായ, എന്റേയും നിങ്ങളുടേയും ശരണസ്ഥാനമായ ജഗദംബയോടു നമുക്കു പ്രാർത്ഥിക്കാം, പാഹിമാം! പാഹിമാം! പാഹിമാം!!

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri



ആത്മോപദേശശതകം

- നാരായണഗുരു -

ആസ്വാദനം: **ഷൗക്കത്ത്**

9496379412, 08148204449

തൊലിയുമെലുമ്പുമലം ദുരന്തമന്തഃ
കലകളുമേന്തുമഹന്തയൊന്നു കാൺക!
പൊലിയുമിതന്യ പൊലിഞ്ഞു പൂർണ്ണമാകും
വലിയൊരഹന്ത വരാ വരം തരേണം.

തൊലിയും - ചർമ്മങ്ങളും
എലുമ്പും - എല്ലുകളും
മലം - മാലിന്യങ്ങളും
ദുരന്തം അന്തഃകലകളും -
ദുഃഖകാരണമായ വാസനകളും
ഏന്തു അഹന്ത - വഹിക്കുന്ന അഹന്തയെ
ഒന്നു കാൺക - ഒന്നു കാണുക
പൊലിയും ഇത് അന്യ -
നശിച്ചുപോകുന്ന ഇത് ഒരു അഹന്ത
പൊലിഞ്ഞു പൂർണ്ണമാകും - വർദ്ധിച്ചു
പൂർണ്ണമാകുന്ന
വലിയൊരഹന്ത, വര -
വലിയൊരഹന്തയുണ്ട്, അതു
ശ്രേഷ്ഠമാണ്
വരം തരേണം - ശ്രേഷ്ഠമായതു
തരേണം

(തൊലി, എല്ല്, മലം, ദുഃഖദായകമായ വാസനകൾ എന്നിവ ചേർന്ന അഹന്ത ഒന്നുണ്ടെന്നു മനസ്സിലാക്കുക. നശിച്ചുപോകുന്ന ഇത് ഒരു അഹന്ത. വർദ്ധിച്ചു പൂർണ്ണമാകുന്ന ശ്രേഷ്ഠമായ വലിയൊരഹന്തയുണ്ട്. ശ്രേഷ്ഠമായ അത് എനിക്കു കനിയണം.)

അഹത്തെയും അഹന്തയെയും കുറിച്ചു നാം പറഞ്ഞു എന്നു തുടരുന്നതാണെന്നും അഹന്ത സന്ദർഭാനുസരണം ഉണരുകയും വീര്യം കുറഞ്ഞുകുറഞ്ഞു ഇല്ലാതായിപ്പോകുകയും ചെയ്യുന്ന വൈകാരികതയാണെന്നും നാം കണ്ടു. എന്നാൽ അഹന്തയുടെ ഒടുങ്ങാത്ത തുടർച്ചയായാണ് നാം ജീവിതത്തെ അനുഭവിക്കുന്നത്. അഹന്തയുടെ ലോകങ്ങളെ വികസിപ്പിച്ചു വികസിപ്പിച്ചു കൊണ്ടുവന്ന് അഹത്തിന് പ്രകാശിക്കാനാവാത്തവിധം ഇരുൾമൂടിക്കിടക്കുന്ന ഒരവസ്ഥ നമ്മെ ബാധിച്ചിട്ടുണ്ട്. തികച്ചും നൈമിഷികമായ അഹന്തയുടെ സ്ഥായിയായ നിലനിൽപ് എത്ര അവിശ്വസനീയമായ രീതിയിലാണ് നമ്മിലൊക്കെ തുടരുന്നതെന്ന് ഗുരു ആശ്ചര്യപ്പെടുന്നു. സദാ തുടരുന്ന അഹത്തെ അറിയാനും നമുക്കാവുന്നില്ല. ഈ വിരോധാഭാസത്തിലേക്കു വിരൽചൂണ്ടി സങ്കുചിതമായ അഹന്തയുടെ മുകളിലുള്ള പിടിവിട്ട് മഹത്തായ അഹന്തയിലേക്കുണരാൻ അനുഗ്രഹിക്കണേ എന്ന് നമ്മോടുതന്നെ പ്രാർത്ഥിക്കുകയാണ് ഗുരു. ഇത്തരിനാൾ ജീവിച്ച് ഇല്ലാതായിപ്പോകേണ്ടവരാണ് നാം. അതാണ് നമുക്കറിയാവുന്ന ജീവിതം. ജനനത്തിനു മുമ്പും മരണത്തിനു ശേഷവും ജീവിതമുണ്ടോ ഇല്ലയോ എന്നൊന്നും നമുക്കറിയില്ല. എന്നാൽ ഇവിടെ നാം ജീവിതം അനുഭവിക്കുന്നുണ്ട്. ഈ ശരീരമാണ് നമ്മുടെ ഭവനം. ഉണ്ടായി അല്പകാലം നിലനിന്ന് ഇല്ലാതായിപ്പോകുന്ന ശരീരം. ശൈശവവും ബാല്യവും കൗമാരവും യൗവനവും വാർദ്ധക്യവും പിന്നിട്ട് മരണത്തിന്റെ മടിയിലേക്ക് നാം

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

വീണുപോകും. മാറ്റത്തിന്റെ ഗതിവേഗം കുറയ്ക്കാൻ കഴിയുമെങ്കിലും ഇല്ലാതാക്കാൻ കഴിയില്ല. അനിവാര്യമായ പരിണാമമമാണത്. ഓരോ ഘട്ടത്തെയും സ്നേഹപൂർവ്വം സംരക്ഷിക്കാനും ആസ്വദിക്കാനും നമുക്കാവണം. ശരീരത്തിനുള്ളിൽ എന്നും നവീനമായി തുടരുന്ന അഹത്തിലാണ് നമ്മുടെ ശ്രദ്ധ മുറിയാതെ തുടരേണ്ടത്. എന്നാൽ അനിത്യമായ വൈകാരികതകളുടെ ലോകത്താണ് നാം സ്ഥിരത അന്വേഷിക്കുന്നത്. അതുകൊണ്ടു തന്നെയാണ് ദുഃഖപൂർണ്ണമായ ജീവിതത്തിൽ എന്നും നമുക്കു മുങ്ങിത്താഴേണ്ടി വരുന്നത്.

ഇന്ദ്രിയങ്ങൾ, മനസ്സ്, ബുദ്ധി, ചിത്തം തുടങ്ങി അകത്തും പുറത്തുമായി അഹന്തയുടെ അനേകം വാതായനങ്ങൾ. അവയിലൂടെയാണ് നാം ജീവിതത്തെ അനുഭവിക്കുന്നത്. ഒന്നിനു പിറകെ ഒന്നായി വരുന്ന താല്പര്യങ്ങൾ. താല്പര്യങ്ങളുടെ സാക്ഷാത്ക്കാരത്തിനായി നടത്തുന്ന നിരന്തര പ്രയത്നങ്ങൾ. ഒരോന്നു സാക്ഷാത്ക്കരിക്കുമ്പോഴും അതിൽ നിന്നും ഉയർന്നുവരുന്ന മറ്റനേകം താല്പര്യങ്ങൾ. ഒരിക്കലുമൊടുങ്ങാത്ത താല്പര്യങ്ങളും അവയുടെ സാക്ഷാത്ക്കാരത്തിനു വേണ്ടിയുള്ള പാച്ചിലുകളും കൊണ്ട് ക്ഷീണം ബാധിച്ച ജീവിതങ്ങൾ. എന്തിനുവേണ്ടിയാണോ നാം എല്ലാം തുടങ്ങിയത് അതും നാം മറന്നുപോയിരിക്കുന്നു. ഇന്ദ്രിയങ്ങളിലൂടെ അഹം തന്റെ ആവിഷ്കാരങ്ങളെ അനുഭവിക്കാനാണ് ശ്രമിക്കുന്നത്. അഹത്തിന്റെ ആവിഷ്കാരങ്ങളായാണ് നാം അഹന്തയെ അറിയേണ്ടതും അനുഭവിക്കേണ്ടതും. എന്നാൽ അഹത്തെ മറയ്ക്കുന്ന കാലുഷ്യമായാണ് അഹന്ത നമ്മിൽ വളർന്നതും വികസിച്ചതും. അത് ജീവിക്കാൻവേണ്ടി ഭക്ഷണം കഴിക്കുന്നതിനു പകരം ഭക്ഷണം കഴിക്കാൻവേണ്ടി ജീവിക്കുന്നതു പോലെയാണ്.

എല്ലാം ജീവിതത്തിനു വേണ്ടിയാണ്. ജീവിതത്തെ സമാധാനപൂർണ്ണമാക്കാൻ വേണ്ടിയാണ്. നമ്മിൽനിന്നും സംഭവിച്ച എല്ലാ അന്വേഷണങ്ങളുടെയും തുടക്കം അതായിരുന്നു. ശാന്തമായ ജീവിതത്തിന് അനിവാര്യമായും വേണ്ടത് എന്തൊക്കെയോ അത്. നമുക്ക് അന്നം വേണം, വസ്ത്രം വേണം, കിടക്കാൻ ഇടം വേണം, വിനോദോപാധികൾ വേണം, കലാസാഹിത്യസംഗീദാതികൾ വേണം. എന്നാൽ എല്ലാം അഹത്തെ അറിയാനും അനുഭവിക്കാനും വേണ്ടിയാകണം. അല്ലാതെ അഹന്തയുടെ വിളയാട്ടത്തിനാകരുതായിരുന്നു. അഹന്ത അഹത്തെ അനുഭവിക്കാനുള്ള കരുമാത്രമാകണമായിരുന്നു. അല്ലെങ്കിൽ അങ്ങനെയാണെന്ന് നാം അറിയണമായിരുന്നു. എന്നാൽ എന്താണ് നമ്മുടെ ജീവിതം?

ഏറ്റവും ഉൽകൃഷ്ടമായ അറിവിന്റെ ലോകത്തെ പ്രതിനിധാനം ചെയ്യുന്നവരിൽ ഏറ്റവും വലിയ അഹന്തയുടെ വിളയാട്ടം. ഞങ്ങളും നിങ്ങളും അവിടെ എന്നത്തേക്കാളും കലുഷം. ഗുരുക്കന്മാർ തമ്മിലും അനുയായികൾ തമ്മിലും തല്ലും തർക്കവും. മതങ്ങളോ? പല മതങ്ങൾ തമ്മിലല്ല ഇന്ന് വഴക്ക്. ഒരേ മതവിശ്വാസികൾ തെരുവിൽ തമ്മിൽ തല്ലുന്നു. അതിനു ചുക്കാൻ പിടിക്കാൻ തലപ്പത്തിരിക്കുന്നവരുടെ അഹന്ത. ആദിമതമായ ബുദ്ധമതത്തിൽനിന്നു തുടങ്ങി ഇങ്ങേയറ്റത്തു വന്നു നിൽക്കുന്ന ഇസ്ലാംമതത്തിലും ക്രിസ്തുമതത്തിലും വിഭാഗീയതകളുടെ വിളയാട്ടാമാണ്. ഹിന്ദുമതമെന്നൊരു മതമില്ലെങ്കിലും ഇവിടെയും കാക്കത്തൊള്ളായിരം ജാതികളുണ്ട്. സിദ്ധാന്തങ്ങളുണ്ട്. പ്രസ്ഥാനങ്ങളുണ്ട്. ഏകമായിരുന്ന പൊരുളിൽനിന്നും അനേകത്തിലേക്ക് പിളർന്നു പിളർന്നു പോകാൻ

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

കാരണമായത് അഹത്തിന്റെ സ്ഥാനത്ത് അഹന്ത നിലയുറപ്പിച്ചതാണ്. അറിവിനേക്കാൾ അറിഞ്ഞവന് പ്രധാന്യം വന്നതാണ്. ഉണ്മയേക്കാൾ ആവിഷ്കാരത്തിന് പ്രാധാന്യമേറിയതാണ്.

അഹന്ത അഹത്തെപ്പോലെത്തന്നെ സ്വാഭാവികാവസ്ഥയാണ്. എന്നാൽ അഹന്തയെ നിത്യമായി നിലിർത്താനുള്ള മനുഷ്യന്റെ ശ്രമങ്ങൾ അവിവേകമാണ്, അസ്വാഭാവികമാണ്. അതാണ് അഹങ്കാരത്തിലേക്ക് നയിക്കുന്നത്. അഹന്തയെ നിലനിർത്താനുള്ള ശ്രമത്തെയാണ് അഹങ്കാരമായി അറിയേണ്ടത്. ആ അങ്കരത്തെയാണ് നാം ശ്രദ്ധാലുക്കളാകേണ്ടത്. അതിന് അറിവിന്റെ കാരുണ്യമുണ്ടാകണം. കനിവുണ്ടാകണം. ആ പ്രാർത്ഥനയാണ് ഗുരു ഇവിടെ നമ്മിലേക്കു പകരുന്നത്.

എന്താണ് ഗുരു പ്രാർത്ഥിക്കുന്നത്?

വലിയ അഹന്ത തരണേ എന്ന്. ഉള്ളതിനെ വികസിപ്പിക്കാനേ നമുക്കാകു. ഇല്ലാത്തതിനെ ഉണ്ടാക്കാനാവില്ല. അഹന്ത സ്വാഭാവികമാണ്. അത് അഹങ്കാരമാകാതിരിക്കാനാണ് ശ്രമിക്കേണ്ടത്. അതിനുള്ള വഴി അഹന്തയെ വിശ്വത്തോളം വികസിപ്പിക്കുകയാമ്. അതു നേരത്തെപ്പറഞ്ഞ അഹങ്കാരത്തിന്റെ വികാസമല്ല. " ഞാൻ എന്ന വിചാരം പോകണം. ഇനി അങ്ങനെ പോകില്ലെങ്കിൽ എല്ലാം ഞാൻ എന്ന വിചാരം ഉണ്ടാകട്ടെ" എന്ന് എഴുത്തച്ഛൻ പ്രാർത്ഥിച്ചപോലെയുള്ള വികാസം. ഞാൻ, ഞാൻ എന്നു വികാസമാണത്. അഹം തുടരുന്ന ഉണ്മയാണെന്നു അറിയുന്നവനിൽ അനുഭവമാകുന്ന വികാസമാണത്. അഹം ബ്രഹ്മാസ്മി എന്നറിഞ്ഞവന്റെ അവസ്ഥ. അതിനായുള്ള പ്രാർത്ഥനയാകട്ടെ നമ്മുടെ ജീവിതം.

(തുടരും)

"വീട്ടിലിരുന്നു സംസ്കൃതം പഠിക്കുവാൻ ഇതാ ഒരു സുവർണ്ണാവസരം"

സംസ്കൃതം തപാലിലൂടെ...

സവിശേഷതകൾ

* പ്രവേശഃ, പരിചയഃ, ശിക്ഷാ, കോവിദഃ എന്നിങ്ങനെ 4 ഘട്ടങ്ങൾ
* 6 മാസം ദൈർഘ്യമുള്ള ഓരോ ഘട്ടത്തിനും ഫീസ് 200 മാത്രം
* സമ്പർക്ക ക്ലാസ്സുകൾ നടത്തുന്നു.
* പരീക്ഷാകേന്ദ്രങ്ങൾ എല്ലാ ജില്ലയിലും
* പ്രമാണപത്രം നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക് : ഡയറക്ടർ, 'സംസ്കൃതം തപാലിലൂടെ' വിശ്വസംസ്കൃതപ്രതിഷ്ഠാനം (സംസ്കൃതഭാരതി), കോട്ടപ്പുറം.
പി. ഒ. കൊടുങ്ങല്ലൂർ, തൃശൂർ - 680667,
ഫോൺ : 0480 2811985, 9895506718,
e-mail : sbvspm@rediffmail.com

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

രാമായണവും
പരിസ്ഥിതിയും - 12

'കല്ലിന് മോക്ഷം നൽകുന്ന പരീക്ഷ'

ടി. പി. പത്മനാഭൻ മാസ്റ്റർ

കാനനങ്ങളും പുണ്യാശ്രമങ്ങളും തടാകങ്ങളും പാപനാശിനികളായ നദീതീരങ്ങളുമായിരുന്നു രാമലക്ഷ്മണന്മാരുടെ മഹാവിദ്യാലയങ്ങൾ. ആ ശാന്തിനികേതനങ്ങളൊക്കെയും ശാന്തിയുടെ മഹാസന്ദേശങ്ങളാണ് അവർക്ക് നൽകിയത്. സംഘർഷപൂരിതമാകുന്ന ഭാവിയിലെ ഓരോനിമിഷവും തികഞ്ഞ ശാന്തിയോടെ ഉൾക്കൊള്ളാനും ഉത്തരം കണ്ടെത്താനും ഒരു രാജാവിന് കഴിയണം. അതിനുള്ള പരിശീലനം നൽകിയതോ വിശ്വത്തിന്റെ മിത്രമായ വിശ്വാമിത്രനും.

ബ്രഹ്മചര്യകാലംകഴിഞ്ഞ് ഗൃഹസ്ഥാശ്രമത്തിലേക്ക് വിശ്വാമിത്രൻ രാമകുമാരനെ നയിക്കവെയാണ് മിഥിലയിൽ പ്രവേശിക്കുന്നത്. മിഥിലാധിപനായ ജനകമഹാരാജാവ് നടത്തുന്ന യജ്ഞം പര്യവസാനിക്കാൻ അപ്പോൾ പന്ത്രണ്ടു ദിവസം കൂടിയുണ്ടായിരുന്നു.

വിശ്വാമിത്രൻ എത്തിച്ചേർന്നതറിഞ്ഞ് ജനകമഹാരാജാവ് ഉത്തമപുരോഹിതനായ ശതനന്ദനെയും കൂട്ടിക്കൊണ്ട് സവിനയം അവരുടെ സവിധത്തിലെത്തി. മന്ത്രം ജപിച്ചു അർഘ്യപ്രദാനം ചെയ്ത ജനകന്റെ പൂജസ്വീകരിച്ച് കുശലം ചോദിച്ച് മുനിസത്തമന്മാരോടൊപ്പം വിശ്വാമിത്രൻ പീഠത്തിലിരുന്നു. തുടർന്ന് രാമലക്ഷ്മണന്മാരെക്കണ്ട് അത്ഭുതം കൂറിയ ജനകൻ ഇങ്ങനെ ചോദിച്ചു. ദേവതുല്യപരാക്രമികളും ആനക്കും സിംഹത്തിനുമൊത്ത നടയുള്ളവരും സിംഹത്തെയും പുലിയേയും പോലെ വീര്യമുള്ളവരും താമരയിതൾപോലെ വിടർന്ന കണ്ണുകളോടുകൂടിയവരും അമ്പ്, വില്ല്, ആവനാഴി എന്നിവപിടിച്ചവരും, അശ്വനീദേവകൾ പോലെ സൗന്ദര്യമുള്ളവരും, ഉടുമ്പിൻ തോൽ കൊണ്ടുള്ള കയ്യുറധരിച്ചവരും, കയ്യിൽവാളേന്തിയവരും, ദേവലോകത്തുനിന്ന് യദൃച്ഛയാ ഭൂമിയിലെത്തപ്പെട്ട താരുണ്യാരംഭത്തിലെത്തിയ ഈ രണ്ടു പേരും ആരാണ് അവരുടെ ദൗത്യമെന്താണ്"

ജനകന്റെ ചോദ്യത്തിന് വിശദമായിത്തന്നെ വിശ്വാമിത്രൻ ഉത്തരംനൽകുന്നുണ്ട്. മാത്രമല്ല ജനകരാജന്റെ കൊട്ടാരത്തിലെ മഹത്തായ വില്ല് കാണാനുള്ള ജിജ്ഞാസകൂടി ഇവർക്കുണ്ടെന്ന് അറിയിക്കുകയും ചെയ്യുന്നു.

ഇത്രയുമാണ് രാമായണകഥാഗതിയിൽ വിശ്വാമിത്രന്റെ അയനം നാം കാണുന്നത്. ദശരഥന്റെ ഉണ്ണികളെ സിംഹവീര്യപരാക്രമികളാക്കി മാറ്റുകയും ജനകന്റെ മനസ്സിനെ പ്രഥമദൃഷ്ടിയിൽതന്നെ അത്ഭുതം കൊള്ളിക്കുകയും ചെയ്യും വിധം ഉരുവപ്പെടുത്തി പരിണമിപ്പിച്ചെടുക്കുകയും ചെയ്യുന്നതാണ് വിശ്വാമിത്രൻ രാമലക്ഷ്മണന്മാർക്ക് നൽകിയവിദ്യാഭ്യാ

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

സം ഭാരതീയ വിദ്യാദാനപ്രക്രിയയുടെ മനോമയമായ അത്യന്തം ചിന്തനീയമായ ഒരു രംഗമാണ് ജനകന്റെ പ്രഥമ രാമദർശനം.

താടകാവധത്തിനിറങ്ങിയ രാമന് വിശ്വാമിത്രനിൽ നിന്ന് ലഭിച്ചവിദ്യയുടെ മാറ്റ്പരിശോധിക്കുന്ന അന്തിമപരീക്ഷ തന്നെയാണ് അഹല്യാമോക്ഷം. 'രാമ' ശബ്ദം കേട്ടമാത്രയിൽതന്നെ ശതാനന്ദൻ വിശ്വാമിത്രനോട് ചോദിച്ചു, "കുശികാത്മജ, അങ്ങേയ്ക്ക് മംഗളം. രാമനെ കണ്ടതു മുതൽ എന്റെ അമ്മ അച്ഛനോട് ചേർന്നില്ലേ".

സർവ്വവിദ്യാപാരംഗതനായ ഒരാളിന്റെ ദർശനം ഒരു കല്ലിനുപോലും മാറ്റം വരുത്തും. അതാണ് വിദ്യാഭ്യാസം. അത്തരം വിദ്യ അഭ്യസിപ്പിക്കുന്നവനാണ് ഗുരു.

ഇത്രയും വിദ്യനേടി. അത് പൂർണ്ണതയിലെത്തുക തന്റെ ഗുരുവിനെ പൂർണ്ണതയിലറിയുമ്പോഴാണ്. ഇക്കാണുന്ന ഗുരു യാദൃച്ഛികമായി മുളയെടുത്തതല്ല. ആയിരക്കണക്കിന് വർഷത്തെ കഠിനാധ്വാനവും, തപസ്സും, ചിന്തയും, അന്വേഷണവും, മനനവുമൊക്കെ അതിന് പിന്നിലുണ്ടാകണം. അതുകൂടി ഒരു ശിഷ്യൻ അറിയേണ്ടതുണ്ട്. അതിന് വാല്മീകി മഹർഷി നിയോഗിച്ചിരിക്കുന്നത് അഹല്യാപുത്രനായ ശതാനന്ദനെത്തന്നെയാണ്. വിവാഹത്തിനു മുൻപ്തന്നെ രാമനെ വിശ്വാമിത്രകഥ അറിയാക്കുന്നതിന്റെ രഹസ്യവും ചിന്തനീയമാണ്.

അനേകായിരംവർഷം ഭൂമിവാണ് ഭൂമിയെ രക്ഷിച്ച രാജാവായിരുന്നു 'ഗാധി'പുത്രനായ വിശ്വാമിത്രൻ. ഒരിക്കൽ വിശ്വാമിത്രൻ സൈന്യങ്ങളോടും അക്ഷൗഹിണിപ്പടകളോടും കൂടി ഊർച്ചുറ്റവെ വസിഷ്ഠാശ്രമത്തിലെത്തുന്നു. അനേകതരം പൂക്കൾകൊണ്ട് നിറഞ്ഞവൈവിധ്യമാർന്ന മരങ്ങളും മറ്റു സസ്യങ്ങളും കൊണ്ടും അലംകൃതമായിരുന്നു വസിഷ്ഠാശ്രമം. നാനാജാതി ജന്തുക്കൾ അവിടെ സുഖമായി കഴിഞ്ഞിരുന്നു. സിദ്ധരും ചാരണരും ബ്രഹ്മവൃദ്ധരും തപസിദ്ധി നേടിയവരുമായ, മഹാത്മാക്കളും വൈഖാനസമുനിമാരും അവിടെയുണ്ടായിരുന്നു. വായുമാത്രം ആഹാരമാക്കിക്കഴിയുന്ന തപസ്വികൾ, വെള്ളം മാത്രംകുടിച്ച് തപസ്സ് ചെയ്യുന്നവർ, പഴുത്തുവീണ ഇലകൾ മാത്രം തിന്ന് തപസ്സുചെയ്യുന്നവർ, കായ്കനികൾ തിന്നുന്നതാപസർ എന്നിവരും വസിഷ്ഠാശ്രമത്തിലുണ്ടായിരുന്നു. മനോനിഗ്രഹം ചെയ്ത് കോപമടക്കി ഇന്ദ്രിയങ്ങളെ ജയിച്ച് ജപഹോമങ്ങളിൽ മാത്രം തല്പരരായിരുന്നവരെയും അവിടെ കാണാമായിരുന്നു.

തന്റെ കുലഗുരുവായ വസിഷ്ഠമഹർഷിയെ നേരായ വെളിച്ചത്തിൽ ദർശിക്കുന്നതിന് രാമനെ സഹായിക്കുക കൂടിയായിരുന്നു ശതാനന്ദൻ. രാജശക്തിയേക്കാൾ പരമമായ ശക്തിജ്ഞാന ശക്തിയാണെന്ന് രാമനെ പഠിപ്പിക്കുകയുമാണ് ശതാനന്ദൻ. തപസ്വികളോടുള്ള തന്റെ സമീപനം ഭാവിയിൽ എന്തായിരിക്കണമെന്നുള്ള ഉൾക്കാഴ്ച്ച കൂടി രാമന് നൽകുകയാണ് ഈ കഥാകഥനം വഴി.

ധർമ്മിഷ്ഠരായിരുന്നു രാജാവായിരുന്ന വിശ്വാമിത്രനും തപസ്വിയായ വസിഷ്ഠനും. അതവരുടെ കുശലാന്വേഷണത്തിൽനിന്നും മനസ്സിലാക്കാം. രാജധർമ്മത്തിന്റെ സംക്ഷിപ്തമായ അനുശാസനാപർവ്വം തന്നെയാണ് വസിഷ്ഠന്റെ ചോദ്യം.

"ധാർമ്മികനായ രാജാവേ അങ്ങേക്ക് കുശലമല്ലേ. പ്രജകളെ ധർമ്മത്താൽ രഞ്ജിപ്പിച്ച്കൊണ്ട് ന്യായമായി ധനം സമ്പാദിക്കുകയും വർദ്ധിപ്പിക്കുകയും, സംരക്ഷിക്കുകയും, സന്മാർഗ്ഗത്തിൽ ചെലവഴിക്കുകയും ചെയ്യുന്നില്ലേ. ഈ

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

നാലുരാജധർമ്മങ്ങളും ചെയ്ത് ജനത്തെയും സമ്പത്തിനെയും സംരക്ഷിക്കുന്നില്ലേ അങ്ങ് ഭൃത്യന്മാരെ നന്നായി പോറ്റുന്നില്ലേ? അവർ രാജകല്പനക്ക് കീഴടങ്ങിനിൽക്കുന്നില്ലേ? അങ്ങ് എല്ലാശത്രുക്കളെയും തോൽപ്പിച്ചില്ലേ. അങ്ങയുടെ ചതുരംഗം സൈന്യങ്ങൾക്കും ഭണ്ഡാരത്തിനും മിത്രങ്ങൾക്കും കുശലം തന്നെയല്ലേ?

സർവ്വത്രകുശലംതന്നെ എന്നായിരുന്നു വിശ്വാമിത്രന്റെ മറുപടി. തുടർന്ന് വിശ്വാമിത്രനെയും പരിവാരങ്ങളെയും മഹർഷിസൽക്കരിക്കുന്നു. വസിഷ്ഠനിയോഗത്താൽ കാമധേനു വേണ്ടും വിഭവങ്ങളൊക്കെയൊരുക്കുന്നു. കരിമ്പിൻനീരും, പുഷ്പരസവും, പഴസത്തും ലഹരിപാനീയങ്ങളും പലതരത്തിലുള്ള പലഹാരങ്ങളും ആറുരസങ്ങളിൽ ഓരോരുത്തർക്കും ഇഷ്ടമാകുംവിധം വേണ്ടുവോളം ചൂടുള്ള ചോറും കറിയും, തൈരും, മോരും, പലഹാരങ്ങളും കാമധേനു തയ്യാറാക്കി. അവ തിന്ന് വിശ്വാമിത്രന്റെ സേനക്ക് മതിയും കൊതിയും തീർന്നു.

അതേസമയം വിശ്വാമിത്രരാജാവിന് കാമധേനുവിൽ ആഗ്രഹം ജനിക്കുകയും ഇവൾ തനിക്കവകാശപ്പെട്ടതാണെന്നും അവളെ തനിക്ക് നൽകണമെന്നും പറയുന്നു. അതിന് പകരമായി തങ്കച്ചങ്ങലകളും തങ്കക്കയറുകളും സ്വർണ്ണത്തോട്ടിയുമുള്ള പതിനാലായിരം ആനകളെയും, നാലുവെള്ള കുതിരകളെ പൂട്ടി നൂറ്റുകണക്കിൽ കിങ്ങിണികെട്ടിയ എണ്ണൂറ് സ്വർണ്ണത്തേരുകളും പതിനോരായിരം കുതിരകളും കിടാങ്ങളോടുകൂടിയ കോടിക്കണക്കിന് പശുക്കളെയും വിശ്വാമിത്രനെന്ന രാജാവ് വാഗ്ദാനം ചെയ്യുന്നുണ്ട്.

പക്ഷെ ഇത്തരം ഭൗതിക വാഗ്ദാനങ്ങളൊന്നും മുനിസത്തമനും ധർമ്മാത്മാവുമായ വസിഷ്ഠനെ ഇളക്കിയില്ല. "ആത്മാവാനായ മനുഷ്യന് കീർത്തി മാത്രമാണ് ശാശ്വതം" എന്നാണ് മുനിയുടെ മറുപടി. കാമധേനു തനിക്ക് ആത്മാവു പോലെയാണെന്നും ആത്മാവ് നശിച്ച ദേഹിക്ക് എന്താണ് സ്ഥാനമെന്നുമുള്ള വേദരഹസ്യം രാജാവിനെ അറിയിക്കുകയായിരുന്നു മുനി.

പക്ഷെ മുനി പറഞ്ഞതത്വം ലൗകികനായ രാജാവിന് പിടികിട്ടാതെ പോയി. വിശ്വാമിത്രൻ കാമധേനുവിനെ കടന്നു പിടിച്ചു. തുടർന്നുണ്ടായ യുദ്ധത്തിൽ മക്കളും സൈന്യങ്ങളും നശിച്ചു. വിശ്വാമിത്രൻ ചിറക് മുറിഞ്ഞകിളിയെപ്പോലെ അഹങ്കാരം നശിച്ച് ഉത്സാഹമറ്റ് ദുഃഖിതനായി.

വിശ്വാമിത്രൻ ഒരു മകനെവിളിച്ച് രാജ്യഭാരമേൽപ്പിച്ച് ക്ഷത്രിയ ധർമ്മ പ്രകാരം ഭരിക്കുക' എന്നു പറഞ്ഞ് ഹിമാലയപാർശ്വത്തിൽചെന്ന് മഹാതപസ്സനുഷ്ഠിച്ചു.

മറ്റേതൊരു ജീവിയെക്കാളും അത്യുന്നതങ്ങളിൽ അനന്തവിഹായസ്സിൽ സ്വച്ഛന്ദം വ്യാപരിക്കുന്ന ഒരു ജീവിയാണ് പക്ഷി. ഒരു പക്ഷിയുടെ വൃദ്ധിയും ക്ഷയവും ഒരേസമയം ഒരേ അവയവത്തിൽ പ്രകൃതി ഒളിപ്പിച്ചുവെച്ചിരിക്കുന്നു - ചിറകിൽ. ചിറകറ്റ കിളി എന്ന് വിശ്വാമിത്രനെ ശതാനന്ദൻ വിശേഷിപ്പിക്കുമ്പോൾ ഭാവിയിൽ മഹാരാജാവാകേണ്ട രാമന് വിശ്വാമിത്രനെന്ന മഹാരാജാവിന്റെ കഥ ഒരു പാഠമാകണമെന്നാഗ്രഹിക്കുന്നുണ്ടാകും.

(തുടരും)

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

അദ്വൈതം

ഏകത്വത്തിന്റെ അനുഭവതലത്തിലുള്ള നിർവചനം

ഡെന്നിസ് വെയ്റ്റ്
(വിവ: ഡി. കെ.)

അദ്വൈതം എന്നാൽ ദ്വൈതം അഥവാ രണ്ട് ഇല്ലാത്ത അവസ്ഥ എന്നർത്ഥം. ഈ ഏകത എല്ലാറ്റിന്റെയും അടിസ്ഥാന ഗുണമാണ്. എല്ലാം തന്നെ ദ്വൈതരഹിത മായ പ്രജ്ഞയുടെ ഭാഗമോ, പ്രജ്ഞയാൽ നിർമ്മിതമോ ആണ്.

മിക്കപ്പോഴും ഈ ചോദ്യം ഉയരുന്നു: ഇവയെല്ലാം ഒരേ വസ്തുവാണെങ്കിൽ എനിക്ക് അങ്ങനെ അനുഭവപ്പെടാത്ത തെന്തുകൊണ്ട്? ഏകത്വത്തിനെ തുല്യതയു മായി കൂട്ടിക്കുഴയ്ക്കുന്നതാണ് ഈ ചോദ്യത്തിനു കാരണം. വസ്തുക്കൾ അടിസ്ഥാനപരമായി അന്യമാകാതെ തന്നെ വിവിധങ്ങളായി കാണപ്പെടാം.

ഒരു നിമിഷം, നിങ്ങളുടെ കൈയി ലേക്ക് നോക്കു. നിങ്ങളുടെ വിരലുകൾ ഒന്നിനൊന്ന് വ്യത്യസ്തമാണ്. പക്ഷേ അവ പരസ്പരം അന്യമാണോ? അവയെല്ലാം തന്നെ ഒരേ കൈയിൽനിന്ന് ഉത്ഭവിക്കുന്നു. അതുപോലെ ലോകത്തിലെ വസ്തുക്കൾ, മൃഗങ്ങൾ, സസ്യങ്ങൾ, മനുഷ്യരെന്നിവ അവയുടെ രൂപത്തിലും കർമ്മത്തിലും തീർത്തും വ്യത്യസ്തങ്ങളാണ്. പക്ഷേ അവയെല്ലാം അവയുടെ ഉൽപത്തി സ്ഥാനത്ത് പരസ്പരം ബന്ധിക്കപ്പെട്ടിരി ക്കുന്നു - എല്ലാം ഒരേ പ്രഭവസ്ഥാനത്തു നിന്നു വരുന്നു. എല്ലാറ്റിനും പിന്നിലുള്ള ഈ ഒരേ ഒരു പ്രജ്ഞയുടെ അസംഖ്യം വ്യത്യസ്തങ്ങളായ ആവിഷ്കാരങ്ങളെ വ്യത്യസ്തവസ്തുക്കളായി നാം അനുഭവിക്കുന്നു.

നമ്മുടെ കൈയുമായുള്ള താരതമ്യം തുടർന്നാൽ, വിരലുകളെല്ലാം തന്നെ ഒരേ വസ്തുക്കളാൽ നിർമ്മിതങ്ങളാണ്. അവയെല്ലാംതന്നെ ഒരേമട്ടിലുള്ള കലകൾ, കോശങ്ങൾ, അവയ്ക്കും താഴത്തെ തലത്തിൽ അണുക്കൾ, ഉപ അണുഘടക ങ്ങൾ എന്നിവയാൽ നിർമ്മിക്കപ്പെട്ടിരിക്കു ന്നു. അതുപോലെ, നിങ്ങളുടെ സത്യാനു ഭവം കൂടുതൽ ആഴത്തിലാവുമ്പോൾ സകലവും അദ്വൈതപ്രജ്ഞയുടെ ഒരേയൊരു തലത്തിൽനിന്നുത്ഭവിക്കുന്നു എന്ന് അനുഭവപ്പെടും. അദ്വൈതം അഥവാ 'രണ്ടില്ലായ്മ'യുടെ, അർത്ഥവും നിർവചനവും കൂടുതൽ ആഴത്തിൽ തിരയുന്ന ഒരു കൊച്ചു കഥ, അല്പം കഴിഞ്ഞ് [അടുത്ത ലക്കത്തിൽ] അവതരിപ്പിക്കാം.

പക്ഷേ, ഈ നിമിഷമുള്ള നിങ്ങളുടെ അനുഭവത്തെപ്പറ്റി എന്തു പറയുന്നു? സാധാരണ അനുഭവത്തിൽ വേർതിരിച്ച റിയാൻ എളുപ്പമല്ലാത്ത ആ ഏകത്വം അഥവാ അദ്വൈതാവസ്ഥ അനുഭവിക്കുക സാദ്ധ്യമാണോ? അദ്വൈതപ്രജ്ഞയുടെ നാടകീയമായ ഒരു അനുഭവത്തെപ്പറ്റി യുള്ള പ്രതീക്ഷകൾ ഉപേക്ഷിക്കുകയും യാഥാർത്ഥ്യത്തിന്റെ അദ്വൈതാവസ്ഥ യെപ്പറ്റി കുറേശ്ശെയായി നിങ്ങൾ അന്വേഷി ക്കുകയും ചെയ്താൽ അതു സാദ്ധ്യമാണ്. നിലനിൽക്കുന്ന എല്ലാറ്റിന്റെയും അടിസ്ഥാനഗുണം ഏകത്വം അഥവാ അദ്വൈതാവസ്ഥ ആയതുകൊണ്ട്,

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

എങ്ങനെ ഓരോ തുള്ളി ജലത്തിലും നനവ് അനുഭവപ്പെടുന്നോ അതുപോലെ ഓരോ സാധാരണ ദൈനംദിനാനുഭവത്തിലും ഏകത്വം അനുഭവിക്കാൻ നിങ്ങൾക്കു കഴിയും.

ഒരു പരീക്ഷണമെന്ന നിലയിൽ നിങ്ങളുടെ ഉള്ളംകയ്യും വിരലുകളും ഒന്നു ശ്രദ്ധിക്കൂ. എവിടെയാണ് അവയിലൊന്ന് തുടങ്ങുന്നതും മറ്റൊന്ന് അവസാനിക്കുന്നതും എന്ന് നിങ്ങൾക്കു പറയാൻ കഴിയുമോ? അതോ അവ ഒന്നാണോ? ഈ ചിന്ത വീണ്ടും മുന്നോട്ടു കൊണ്ടുപോയാൽ, എവിടെയാണ് നിങ്ങളുടെ കരതലം അവസാനിക്കുകയും മുഴംകൈ തുടങ്ങുകയും ചെയ്യുന്നുത്? രണ്ടും രണ്ടുതരത്തിലുള്ളതാണെങ്കിലും കരതലത്തിന്റെയും മുഴംകയ്യുടെയും ഏകത്വം അനുഭവിയ്ക്കാൻ നിങ്ങൾക്കു കഴിയുന്നില്ലേ? മറ്റു ശരീരഭാഗങ്ങളെക്കുറിച്ച് എന്തു പറയുന്നു? നിങ്ങളുടെ കാലുകളും ചെവികളും വളരെ വ്യത്യസ്തങ്ങളെങ്കിലും യഥാർത്ഥത്തിൽ ഒന്നുതന്നെയല്ലേ? ഇനി നിങ്ങളുടെ ചിന്തകളും ശിരസ്സും തമ്മിൽ യഥാർത്ഥത്തിൽ വേർപ്പെട്ട് ഇരിക്കുന്നവയാണോ? എവിടെയാണ് നിങ്ങളുടെ ശിരസ്സ് അവസാനിക്കുകയും ചിന്ത തുടങ്ങുകയും ചെയ്യുന്നത്? വികാരങ്ങളെയും ആഗ്രഹങ്ങളെയും കുറിച്ചെന്തു പറയുന്നു? അവ വാസ്തവത്തിൽ നിങ്ങളിൽ നിന്നോ, നിങ്ങളുടെ ശരീരത്തിൽ നിന്നോ വേർപെട്ടവയാണോ?

ഇനി നിങ്ങൾ അനുഭവിക്കുന്ന സാധാരണ ഇന്ദ്രിയാനുഭവങ്ങളെ ശ്രദ്ധിക്കുക. നിങ്ങൾ കേൾക്കുന്ന ശബ്ദങ്ങൾ, സ്പർശാനുഭവം, നിങ്ങൾ കാണുന്ന വസ്തുക്കളും സംഭവങ്ങളും. എവിടെ കാണൽ അവസാനിക്കുകയും കണ്ണ് ആരംഭിക്കുകയും ചെയ്യുന്നു? നിങ്ങൾ ശബ്ദങ്ങൾ കേൾക്കുകയാണെങ്കിൽ എവിടെ ശബ്ദം ആരംഭിക്കുകയും ചെവി അവസാനിക്കുകയും ചെയ്യുന്നു? ഒരുപക്ഷേ അടിസ്ഥാനപരമായി കേൾക്കുക എന്ന പ്രക്രിയയും, ശബ്ദവും, നിങ്ങളുടെ ചെവികളുമെല്ലാം തന്നെ ഒരേ വസ്തുവാകാം. അതെ, ചെവി ശബ്ദത്തിൽനിന്നും വ്യത്യസ്തംതന്നെ, പക്ഷേ, കേൾക്കുക എന്ന പ്രക്രിയയിൽ അവ ഒന്നായിത്തീരുന്നില്ലേ?

പിന്നെ, എവിടെ ശബ്ദത്തിന്റെ ഉൽപ്പത്തിസ്ഥാനം അവസാനിക്കുകയും, ശബ്ദം സ്വയം ആരംഭിക്കുകയും ചെയ്യുന്നു? ഉദാഹരണത്തിന് ഒരു പക്ഷി നിങ്ങളുടെ ജനാലയ്ക്കു വെളിയിൽ ഇരുന്നു പാടുന്നു. എവിടെ പക്ഷി അവസാനിക്കുകയും പാട്ട് ആരംഭിക്കുകയും ചെയ്യുന്നു? അവ രണ്ടും ഒന്നു തന്നെയാണല്ലേ? പക്ഷിയും പാട്ടും ഒരേ വസ്തു തന്നെയെങ്കിൽ, അതേപോലെ നിങ്ങളുടെ കേൾവിയും പാട്ടും ഒരേ വസ്തു തന്നെയെങ്കിൽ, നിങ്ങളും പക്ഷിയും അടിസ്ഥാനപരമായി ഒരേ വസ്തുതന്നെയാകാനുള്ള സാദ്ധ്യതയില്ലേ?

അദ്വൈതബോധം തന്നെയാണ് നൈസർഗികാവസ്ഥ

ഏകമായ ബോധാവസ്ഥയെക്കുറിച്ചുള്ള അദ്വൈതസത്യം അഥവാ അസ്തിത്വത്തിന്റെ ഏകത്വം എന്നത് രഹസ്യമായതോ അനുഭവിക്കാന സാധ്യമായതോ ആയ എന്തോ ഒന്നായാണ് മിക്കപ്പോഴും കരുതപ്പെടുന്നത്. അതേസമയം അത് തീർത്തും സാധാരണവും ഓരോ നിമിഷത്തിലും ലഭ്യവുമാണ്. അദ്വൈതബോധം തന്നെയാണ് നൈസർഗികാവസ്ഥ. തീർച്ചയായും, ഏകത്വത്തിന്റെ ഒരു നാടകീയാനുഭവം ദുർലഭമായ സംഭവമാണ്. പക്ഷേ ഈ ദുർലഭമായ ഒന്നിനു വേണ്ടി എന്തിനു കാത്തിരിക്കണം, മാധുര്യം നിറഞ്ഞതും സംതൃപ്തിജനകവുമായ ഏകത്വബോധം ഇവിടെ ഇപ്പോൾതന്നെ ലഭ്യമാകുമ്പോൾ.

(തുടരും)

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

One caste One Creed One God for Man

Susheela

Destructive was the caste system
And reigned terror for centuries.
The suffering of the low castes
From cruelty unthinkable
Made a mad house of social life.
To save man from this condition,
Great thinkers, compassionate Gurus
Claimed and stressed that all are the same.

True it is that all are equal-
Brahman who resides within all
Makes, not just man, but everything
The abode of Narayanana.
But Bhagavan is the witness,
Actions are done by Jivatman.-
Our Jivatmans are not the same,
They differ as their nature does.

To give man confidence they say
That mirror reflects Bhagavan
Who resides within each of us.
The reflection is but our own
For Jeevan is our character
And it differs in quality.
But Jeevatman is Bhagavan
So mirror "shows" the God within.

As human beings man's same
Genetically they are same,
In body man appears the same;
But mind is man, not the body
And vastly different is man's mind
In experience, taste and talent.
Each man is thus a different caste-
The caste of man can't be the same.

Man's belief is his faith or creed
Of which each has his own concept;
Of God too each has his own concept;
One's creed is formed from one's concept.

Sri Vidyabharathi Book Centre, Sringeri

RNI Regn. No. KERBIL/2010/34973 CC-O. In Public Domain. Digitized by eGangotri
Postal Regn. No. KL/KSZ/22 / 2011-13
January - 2012

Jnanageetha

Vol-2, No. 1

Edited, published and printed by K. B. Nair for Integral Books, Anandashram. P.O., Kanhangad 671531, Ph:0467-2208886.
Printed at Sharada Press, Car Street, Mangalore - 575 001.
Sri Vidyabharathi Book Centre, Sringeri